# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P4/1160/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 09/03/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P4/1160/21 തീയ്യതി: 09/03/2022

## കൊല്ലം ജില്ലയിലെ മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-02-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി എം. ഡി. അമ്പിളി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 02-08-2021 | 17-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 02-08-2021 | 17-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ശശി ജോഷ് (ഓഡിറ്റ് ഓഫീസർ)
ശ്രീമതി. പത്മകുമാരി (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീമതി. ഷീജ ആർ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീമതി. ഹർഷ. എൽ (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബിനകരുണാകരൻ | പ്രസിഡന്റ് | 01-04-2020 | 12-11-2020 |
| ഭരണനിർവ്വഹണസമിതി | പ്രസിഡന്റ് | 13-11-2020 | 29-12-2020 |
| ശ്രീമതി. മിനി സൂര്യകുമാർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. ജോസഫ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സംഗീത.എസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. സോജ | വെറ്ററനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ഷീബ ഫ്രാൻസിസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ഡോ. മഞ്ജുഷ ഇ. വി. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീമതി മേരിലത | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ആർച്ചഗോപൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. സതീശൻ. പി | ഹെഡ് മാസ്റ്റർ | 01-04-2020 | 15-06-2020 |
| ശ്രീമതി അന്ന | ഹെഡ് മാസ്റ്റർ | 16-06-2020 | 31-03-2021 |
| ശ്രീമതി ശ്രീജയ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 02-11-2020 |
| ശ്രീമതി ആര്യ | ഫിഷറീസ് ഇൻസ്പെക്ടർ | 03-11-2020 | 31-03-2021 |
| ഡോ. മനോജ്. ബി. തോമസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 28-01-2021 |
| ഡോ. അശ്വിൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 29-01-2021 | 19-02-2021 |
| ഡോ. അനീഷ് പരമേശ്വരൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 20-02-2021 | 31-03-2021 |
| ശ്രീ. മിഥുൻ | വി.ഇ.ഒ. | 01-04-2020 | 29-12-2020 |
| ശ്രീമതി ഷീജ | വി.ഇ.ഒ. | 01-04-2020 | 29-12-2020 |
| ശ്രീമതി ധന്യ | വി.ഇ.ഒ. | 01-01-2021 | 31-03-2021 |
| ശ്രീ. മുഹമ്മദ് ഇക്ബാൽ | വി.ഇ.ഒ. | 04-01-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Harsha L (Auditor, On 19-08-2021)<br>Last Updated By: Harsha L (Auditor, On 19-08-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Padmakumari L (Asst. Audit Officer, On 19-08-2021)<br>Last Updated By: Naseer S (Computer Assistant, On 17-02-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Padmakumari L (Asst. Audit Officer, On 20-08-2021)<br>Last Updated By: Naseer S (Computer Assistant, On 09-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Padmakumari L (Asst. Audit Officer, On 19-08-2021)<br>Last Updated By: Naseer S (Computer Assistant, On 09-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Padmakumari L (Asst. Audit Officer, On 20-08-2021)<br>Last Updated By: Naseer S (Computer Assistant, On 17-02-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗസ്റ്റേറ്റ്മെന്റ്<br>Written By: Padmakumari L (Asst. Audit Officer, On 20-08-2021)<br>Last Updated By: Naseer S (Computer Assistant, On 17-02-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Padmakumari L (Asst. Audit Officer, On 19-08-2021)<br>Last Updated By: Naseer S (Computer Assistant, On 17-02-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Padmakumari L (Asst. Audit Officer, On 19-08-2021)<br>Last Updated By: Naseer S (Computer Assistant, On 17-02-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Padmakumari L (Asst. Audit Officer, On 19-08-2021)<br>Last Updated By: Naseer S (Computer Assistant, On 17-02-2022) | 1-7 |
| 10 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.<br>Written By: R.Sheeja (Asst. Audit Officer, On 16-08-2021)<br>Last Updated By: Naseer S (Computer Assistant, On 17-02-2022) | 1-7-1 |
| 11 | ക്യാഷ് പരിശോധന<br>Written By: Harsha L (Auditor, On 19-08-2021)<br>Last Updated By: Naseer S (Computer Assistant, On 09-03-2022) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം<br>Written By: A.Sasijosh (Audit Officer, On 26-08-2021)<br>Last Updated By: Naseer S (Computer Assistant, On 17-02-2022) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: A.Sasijosh (Audit Officer, On 20-08-2021)<br>Last Updated By: Naseer S (Computer Assistant, On 18-02-2022) | 1-10 |
| 14 | ചെക്ക് മുഖേനയുള്ള വസ്തുനികുതിവരവ് തുക ക്രഡിറ്റ് ചെയ്തിട്ടില്ല<br>Written By: Harsha L (Auditor, On 25-08-2021)<br>Last Updated By: Naseer S (Computer Assistant, On 09-03-2022) | 1-11 |
| 15 | മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല.<br>Written By: Harsha L (Auditor, On 24-08-2021)<br>Last Updated By: Naseer S (Computer Assistant, On 18-02-2022) | 1-12 |
| 16 | കോൺഫറൻസ് ഹാൾ നിർമാണം ലക്ഷ്യം നേടിയില്ല,നിർവഹിക്കാത്ത അളവ് രേഖപ്പെടുത്തി തുക നൽകി.<br>Written By: A.Sasijosh (Audit Officer, On 26-08-2021)<br>Last Updated By: Naseer S (Computer Assistant, On 18-02-2022) | 1-13 |

| | | |
|---|---|---|
| 17 | പാലളവിലധികമായി സബ്സിഡി നൽകി.<br>Written By: R.Sheeja (Asst. Audit Officer, On 14-08-2021)<br>Last Updated By: Naseer S (Computer Assistant, On 09-03-2022) | 1-14-1 |
| 18 | പാലിന് സബ്സിഡി - അധിക നിരക്കിൽ നൽകി<br>Written By: R.Sheeja (Asst. Audit Officer, On 14-08-2021)<br>Last Updated By: Naseer S (Computer Assistant, On 18-02-2022) | 1-14-2 |
| 19 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - ലാപ് ടോപ്പ് വിതരണം ചെയ്യാതെ അവശേഷിക്കുന്നു<br>Written By: R.Sheeja (Asst. Audit Officer, On 14-08-2021)<br>Last Updated By: Naseer S (Computer Assistant, On 09-03-2022) | 1-15 |
| 20 | കറവ പശുവിനെ വാങ്ങൽ – പശുക്കളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 20-08-2021)<br>Last Updated By: Naseer S (Computer Assistant, On 18-02-2022) | 1-16 |
| 21 | ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ പഞ്ചായത്ത് ഓഫീസിൽ അധിക സൗകര്യമൊരുക്കൽ - ബിൽ പ്രകാരമുള്ള ഫർണീച്ചറുകൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Padmakumari L (Asst. Audit Officer, On 20-08-2021)<br>Last Updated By: Naseer S (Computer Assistant, On 18-02-2022) | 1-17 |
| 22 | സമഗ്ര ദുരന്ത നിവാരണപദ്ധതി തയ്യാറാക്കൽ -മാപ്പിംഗ്- പൂർത്തീകരണരേഖകൾ ഹാജരാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 20-08-2021)<br>Last Updated By: Naseer S (Computer Assistant, On 18-02-2022) | 1-18 |
| 23 | ചാലപ്പുറം കോളനിയിൽ കുടിവെള്ള വിതരണം ഭൂഗർഭജലവകുപ്പിന് തുക നല്കൽ-എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെയും പദ്ധതി നടത്തിപ്പിലെയും അപാകതകൾ.<br>Written By: Padmakumari L (Asst. Audit Officer, On 20-08-2021)<br>Last Updated By: Naseer S (Computer Assistant, On 09-03-2022) | 1-19 |
| 24 | ചാലപ്പുറം പമ്പ് ഹൗസ് നിർമ്മാണവും പൈപ്പ് ലൈൻ സ്ഥാപിക്കലും -കേരള വാട്ടർ അതോറിറ്റിക്ക് തുക നല്കൽ-വിശദമായ എസ്റ്റിമേറ്റില്ലാതെ തുക നല്കി<br>Written By: Padmakumari L (Asst. Audit Officer, On 20-08-2021)<br>Last Updated By: Naseer S (Computer Assistant, On 18-02-2022) | 1-20 |
| 25 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 20-08-2021)<br>Last Updated By: Naseer S (Computer Assistant, On 18-02-2022) | 1-21 |
| 26 | പി.എച്ച്.സി, പി.എച്ച്.സി.സബ്സെന്റർ വാടക നല്കൽ - വാടക നിശ്ചയിച്ചതിലെ അപാകത<br>Written By: Padmakumari L (Asst. Audit Officer, On 20-08-2021)<br>Last Updated By: Naseer S (Computer Assistant, On 09-03-2022) | 1-22 |
| 27 | പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല.<br>Written By: Padmakumari L (Asst. Audit Officer, On 20-08-2021)<br>Last Updated By: Naseer S (Computer Assistant, On 18-02-2022) | 1-23 |
| 28 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 20-08-2021)<br>Last Updated By: Naseer S (Computer Assistant, On 09-03-2022) | 1-24 |
| | ഭാഗം **2** | |
| 1 | ചെക്ക് മുഖേനയുള്ള വസ്തുനികുതിവരവ് തുക ക്രഡിറ്റ് ചെയ്തിട്ടില്ല<br>Written By: Naseer S (Computer Assistant, On 18-02-2022)<br>Last Updated By: Naseer S (Computer Assistant, On 18-02-2022) | 2-1 |
| | ഭാഗം **3** | |

| | | |
|---|---|---|
| 1 | പാലളവിലധികമായി സബ്സിഡി നൽകി.<br>Written By: R.Sheeja (Asst. Audit Officer, On 19-08-2021)<br>Last Updated By: Naseer S (Computer Assistant, On 18-02-2022) | 3-1 |
| 2 | കോൺഫറൻസ് ഹാൾ നിർമാണം ലക്ഷ്യം നേടിയില്ല,നിർവഹിക്കാത്ത അളവ് രേഖപ്പെടുത്തി തുക നൽകി.<br>Written By: A.Sasijosh (Audit Officer, On 26-08-2021)<br>Last Updated By: Naseer S (Computer Assistant, On 18-02-2022) | 3-2 |
| 3 | ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ പഞ്ചായത്ത് ഓഫീസിൽ അധിക സൗകര്യമൊരുക്കൽ - ബിൽ പ്രകാരമുള്ള ഫർണിച്ചറുകൾ ലഭ്യമാക്കിയിട്ടില്ല.<br>Written By: Naseer S (Computer Assistant, On 18-02-2022)<br>Last Updated By: Naseer S (Computer Assistant, On 18-02-2022) | 3-3 |
| 4 | പി.എച്ച്.സി, പി.എച്ച്.സി.സബ്സെന്റർ വാടക നല്കൽ - വാടക നിശ്ചയിച്ചതിലെ അപാകത<br>Written By: Naseer S (Computer Assistant, On 09-03-2022)<br>Last Updated By: Naseer S (Computer Assistant, On 09-03-2022) | 3-4 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Padmakumari L (Asst. Audit Officer, On 19-08-2021)<br>Last Updated By: Naseer S (Computer Assistant, On 09-03-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Padmakumari L (Asst. Audit Officer, On 19-08-2021)<br>Last Updated By: Naseer S (Computer Assistant, On 18-02-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Padmakumari L (Asst. Audit Officer, On 19-08-2021)<br>Last Updated By: Naseer S (Computer Assistant, On 19-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Padmakumari L (Asst. Audit Officer, On 19-08-2021)<br>Last Updated By: Naseer S (Computer Assistant, On 19-02-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Padmakumari L (Asst. Audit Officer, On 19-08-2021)<br>Last Updated By: Naseer S (Computer Assistant, On 19-02-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Padmakumari L (Asst. Audit Officer, On 19-08-2021)<br>Last Updated By: Naseer S (Computer Assistant, On 19-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Padmakumari L (Asst. Audit Officer, On 19-08-2021)<br>Last Updated By: Naseer S (Computer Assistant, On 19-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Padmakumari L (Asst. Audit Officer, On 19-08-2021)<br>Last Updated By: Naseer S (Computer Assistant, On 19-02-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Padmakumari L (Asst. Audit Officer, On 19-08-2021)<br>Last Updated By: Naseer S (Computer Assistant, On 19-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Padmakumari L (Asst. Audit Officer, On 21-08-2021)<br>Last Updated By: Naseer S (Computer Assistant, On 09-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Padmakumari L (Asst. Audit Officer, On 19-08-2021)<br>Last Updated By: Naseer S (Computer Assistant, On 09-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | അനുബന്ധ പത്രികകൾ |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

23-3-20 തീയതിയിലെ I(1) തീരുമാനപ്രകാരം അംഗീകരിച്ചു

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-21 | 29-06-21 | - | - |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1. സ്റ്റോക്ക് രജിസ്റ്റർ വാല്യുബേസ്ഡ് ആയി തയ്യാറാക്കിയിട്ടില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്ററ് പൂർണ്ണമാക്കി, സാക്ഷ്യപ്പെടുത്തി പരിപാലിക്കാത്തതിനാൽ ലയബിലിറ്റി ഹെഡ്ഡിലുൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്കായി വിവിധ പ്രോജക്റ്റുകൾ വഴി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആസ്തിയിലുൾപ്പെടുത്തി മൂല്യം വർദ്ധിപ്പിച്ചിട്ടില്ല.

4. ലൈഫ് മിഷൻ ലോൺ തിരിച്ചടവ്-വികസനഫണ്ട് എസ്.സി.പിയിൽ നിന്നും ഈടാക്കിയ തുകകൾ സുലേഖസ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

5. തനത് ഫണ്ടിൽ നിന്നും വിവിധപദ്ധതികൾക്കായി ചെലവഴിച്ച തുകകൾ സുലേഖസ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

6. ഇലക്റ്റഡ് റെപ്ര്സെന്റേറ്റീവ്സ് കൺട്രോൾ അക്കൗണ്ട് എന്ന ലയബിലിറ്റി (350100501) ഹെഡിലെ 74250/- രൂപയുടെ രേഖകൾ ഹാജരാക്കിയിട്ടില്ല

7. നിക്ഷേപ പ്രവർത്തിക്കായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ച 688000/- രൂപയിൽ 270464/- രൂപ മാത്രമാണ് അക്കൗണ്ടസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17265159 |
| വരവ് | 33049516 |
| ആകെ | 50314675 |
| ചെലവ് | 41332580 |
| നീക്കിയിരിപ്പ് | 8982095 |
| വരവിനങ്ങളിലുള്ള നഷ്ടം | 16971 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 92698 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3903958 |

### 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്പ്സായതുക | 2019-20 ൽ ക്യൂ ബിൽ ആയ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 9142706 | 9142706 | 8801545 | 341161 | |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 0 | 3737000 | 3737000 | 2781465 | 955535 | |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 0 | 0 | 0 | 0 | |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) | 0 | 5981407 | 5981407 | 3197813 | 2783594 | |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied) | | 2820000 | 2820000 | 938420 | 1881580 | |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 1856000 | 1856000 | 0 | 1856000 | 0 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 3456681 | 3456681 | 2443676 | 1013005 | |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| ലൈഫ് മിഷൻ-സംസ്ഥാന വിഹിതം | 0 | 200000 | 200000 | 200000 | 0 | |
| ശുചിത്വമിഷൻ ഗ്രാന്റ് | 0 | 930535 | 930535 | 0 | 930535 | |
| സാക്ഷരത | 1313 | 0 | 1313 | 0 | 1313 | |
| MNREGS ഭരണചെലവുകൾ | 335 | 893786 | 894121 | 8,94121 | 0 | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ICDS | 1022951 | 329396 | 1352347 | 514891 | 837456 | |
| സമ്പൂർണ്ണശുചിത്വം | 686833 | 24000 | 710833 | 153878 | 556955 | |
| എസ്.എസ്.എ | 1,00,000 | | 1,00,000 | | 1,00,000 | |
| റ്റി.എസ്.സി | 0 | 260000 | 260000 | 260000 | 0 | |

### 1-4-1 ഗ്രാന്റ് വിനിയോഗസ്റ്റേറ്റ്മെന്റ്

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വികസനഫണ്ട്, സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം എന്നിവയുടെ കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 159 | 52567706 | 100 | 23141138 | | 59 | 63 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 335 | 893786 | 894121 | 894121 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 25430449 | 25430449 | 25430449 | 0 |

### 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 47880 | 68 |
| കർഷകതൊഴിലാളി പെൻഷൻ | 1456200 | 100 |
| വിധവാപെൻഷൻ | 7437300 | 503 |
| വാർദ്ധക്യകാലപെൻഷൻ | 11848200 | 954 |
| വികലാംഗപെൻഷൻ | 2751900/- | 179 |
| 50 വയസ് കഴിഞ്ഞ അവിവാഹിതർ | 46500 | 3 |

1-7-1 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.

മൺട്രോതുരുത്ത് ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണമടഞ്ഞവരുടെ പെൻഷൻ മരണ ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | സരോജിനി | വാർദ്ധക്യകാല പെൻഷൻ | 103470200310 | 11-01-20 | 2/20-4/20 | 4500/- |
| 2 | സുമംഗല | വാർദ്ധക്യകാല പെൻഷൻ | 103470200594 | 13-12-19 | 1/20-4/20 | 2400/- |
| 3 | കുമാരൻ | കർഷകതൊഴിലാളി പെൻഷൻ | 103470100117 | 30-01-20 | 2/20-4/20 | 3700/- |
| 4 | അശോകൻ | വാർദ്ധക്യകാല പെൻഷൻ | 103470200317 | 28-03-20 | 4/20 | 1300 |
| 5 | രാമചന്ദ്രൻപിള്ള | വാർദ്ധക്യകാല പെൻഷൻ | 103470200036 | 10-03-20 | 4/20 | 1500/- |
| 6 | നളിനി | വിധവ പെൻഷൻ | 103470600377 | 29-05-20 | 6/20-10/20 | 8000/- |
| 7 | രത്നമ്മ | വാർദ്ധക്യകാലപെൻഷൻ | 103470200372 | 06-11-20 | 12/20-1/21 | 2900/- |
| 8 | സുകേശിനി | 50വയസ് കഴിഞ്ഞ അവിവാഹിതർ | 103470500001 | 10-11-20 | 12/20-4/21 | 7500/- |
| 9 | മംഗളാംഗി | വിധവ പെൻഷൻ | 103470600270 | 21-06-20 | 7/20-4/21 | 14300 |
| 10 | അലോഷ്യസ് | വാർദ്ധക്യകാലപെൻഷൻ | 10347200933 | 25-12-20 | 1/21 – 4/21 | 6100/- |
| 11 | സരോജിനി | വാർദ്ധക്യകാലപെൻഷൻ | 103470200391 | 26-01-21 | 2/21-4/21 | 1800/- |
| | | | | | ആകെ | 54,000/- |

ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. മുമ്പ് ആധാർ അധിഷ്ഠിത മരണ രജിസ്ട്രേഷൻ

പ്രാബല്യത്തിൽ ഉണ്ടായിരുന്നെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ 19-10-2019ലെ ബി 1/30277/2017 സർക്കുലർ പ്രകാരം ആയത് നിർബന്ധമല്ലാതാക്കിയിട്ടുണ്ട്. നിലവിൽ പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള ഏക മാർഗ്ഗം. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർക്കെങ്കിലും ആധാർ അധിഷ്ഠിത മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതിലെ പ്രാധാന്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. മരണശേഷം അനുവദിച്ച പെൻഷൻ തുക 54,000/- രൂപ ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

എൻക്വയറി നമ്പർ 2/06.08.21

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-08-21ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6443/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ പൊതുജീവിതത്തെ സ്വാധീനിക്കുന്ന ക്ഷേമചുമതലകളും സാമ്പത്തിക വികസനപ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ നിർവ്വഹണം നടത്തുന്ന ഭരണസംവിധാനമെന്ന നിലയിൽ പ്രവർത്തിക്കുന്നതിന് സഹായകമായ അടിസ്ഥാനസൗകര്യങ്ങളോടുകൂടിയ ഫ്രണ്ട് ഓഫീസ് പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തികവർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബജറ്റ് പ്രകാരമുള്ള ചെലവുകളെ വാർഷികപദ്ധതി പ്രകാരമുള്ള ചെലവുകളുമായി സംയോജിപ്പിച്ച് ധനകാര്യ റിപ്പോർട്ടിംഗിൽ സ്ഥാപനതലനിയന്ത്രണം സാധ്യമാക്കിയിട്ടില്ല.

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. തൻവർഷം ലഭിച്ച സർക്കാർ ഗ്രാന്റുകൾ, സംയുക്ത പ്രൊജക്ടുകൾക്കായും പ്രത്യേക ഉദ്ദേശങ്ങൾക്കായും ലഭിച്ച ഫണ്ടുകളുടെ നീക്കിയിരിപ്പ് തുടങ്ങിയവയുടെ കൃത്യമായ കണക്കുകൾ അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഉതകുന്ന നിയന്ത്രണസംവിധാനങ്ങൾ ഒരുക്കുവാൻ ഭരണനിർവഹണാധികാരികൾക്ക് കഴിഞ്ഞിട്ടില്ല. ധനാഗമവിനിയോഗ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുന്നതിലേയും മേൽനോട്ടത്തിലെയും അലംഭാവവും ധനഇടപാടുകളുടെ രേഖകൾ പരിപാലിക്കുന്നതിലും പദ്ധതിആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിലുള്ള ജാഗ്രതക്കുറവും ഗ്രാമപഞ്ചായത്തിൽ പ്രകടമാണ്.

ഓരോ മാസത്തേയും രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റുകൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കണമെന്ന കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.വരുമാനത്തിന്റെ അക്കൗണ്ടിംഗ് നടപടികൾ ചട്ടങ്ങൾക്കനുസൃതമാക്കുന്നതിലും സാമൂഹ്യസുരക്ഷപെൻഷനുകൾ അനർഹർ കൈപ്പറ്റുന്നത് തടയുന്നതിന് സർക്കാർ നിർദ്ദേശാനുസരണമുള്ള പ്രവർത്തന നിയന്ത്രണങ്ങൾ നടപ്പിൽവരുത്തുന്നതിലും പിഴവുകൾസംഭവിച്ചിട്ടുണ്ട്.

സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിൽ പ്രക്രിയാതല നിയന്ത്രണം സാധ്യമാക്കാനുതകുന്ന വാങ്ങൽ മാർഗ്ഗരേഖയിലേയും സർക്കാർ ഉത്തരവുകളിലെയും നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. അക്രെഡിറ്റെഡ് ഏജൻസികൾമുഖേന നിർവഹണം നടത്തുന്ന പദ്ധതികളുടെ ആസൂത്രണനിർവഹണപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനോ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല.

വിഭവസ്രോതസുകളുടെ പരിമിതിമൂലം വികസനലക്ഷ്യങ്ങൾക്കിണങ്ങും വിധം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ കഴിയുന്നില്ല എന്നത് ഒരു വസ്തുതയായിരിക്കെത്തന്നെ ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്ന ഗ്രാന്റുകൾ വിനിയോഗിക്കുന്നതിൽ ഗുരുതരമായ വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ ലഭ്യമായ ഫണ്ട് ചെലവവഴിയ്ക്കപ്പെടാതെ പൂർണമായും നഷ്ടമായത് ഭരണനിർവഹണാധികാരികളുടെ കാര്യക്ഷമതയില്ലായ്മയുടെ തെളിവാണ്.

സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാൻ കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കുവാനും അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-11-20 മുതൽ 16-11-20 വരെ | 1/20 മുതൽ 10/20 | 16-11-20 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02-03-2016 മുതൽ 14-03-2016 വരെ | 2010-11 മുതൽ 2014-15 | 16-04-2016 |

## 1-11 ചെക്ക് മുഖേനയുള്ള വസ്തുനികുതിവരവ് തുക ക്രഡിറ്റ് ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന DTPC എന്ന കെട്ടിടത്തിന്റെ 2020-21 സാമ്പത്തികവർഷത്തെ വസ്തു നികുതി 16971/- രൂപയുടെ ചെക്ക് നം: 861157, 861158 നിക്ഷേപിക്കുന്നതിനായി കാനറബാങ്കിൽ 30/3/2021-ൽ നൽകിയെങ്കിലും നാളിതുവരെ ക്രെഡിറ്റ് ചെയ്തിട്ടില്ല. അക്കൗണ്ടിൽ മതിയായ ഫണ്ടില്ലാത്തതിനാൽ ചെക്ക് ബൗൺസായതായും, ചെക്ക് റീവാലിഡേറ്റ് ചെയ്തിട്ടുമില്ല. വിശദീകരണത്തിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് വരുമാനമായി ലഭിച്ച തുകയുടെ വരവ് കൃത്യമായി നിരീക്ഷിക്കുന്നതിലും, പണമാക്കുന്നതിലും വീഴ്ച വരുത്തിയ സെക്രട്ടറിയിൽ നിന്ന് ടി തുക ഈടാക്കേണ്ടതും വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം : 9/17.08.21

നിരാകരിക്കുന്ന തുക : 16971/- രൂപ

## 1-12 മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ചന്ദ്രസേനൻ, പുളിന്തറ, കൺടാംകാണി, പട്ടംതുരുത്ത് എന്നയാളുടെ ഉടമസ്ഥതയിൽ ഉള്ള ഫ്ലവർ & ഓയിൽ മില്ലിൽ 15H.P യുടെ യന്ത്രം ഉപയോഗിക്കുന്നതായി D&O ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടം 18, 19-ലെ പട്ടിക III പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന 15 കുതിരശക്തിയുള്ള യന്ത്രത്തിന് ചുമത്താവുന്ന പരമാവധി ഫീസ് 200/- രൂപയാണ്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിന്റെ ലൈസൻസ് ഫീയും,ടിയാളുടെ തൊഴിൽ നികുതിയും അല്ലാതെ മോട്ടർ ഫീ ആയ 200/- രൂപ ഒടുക്കിയതായി കാണാൻ കഴിഞ്ഞില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫീസ് ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം: 11/17.08.21

1-13 കോൺഫറൻസ് ഹാൾ നിർമാണം ലക്ഷ്യം നേടിയില്ല,നിർവഹിക്കാത്ത അളവ് രേഖപ്പെടുത്തി തുക നൽകി.

പ്രോജക്റ്റ്നം. : 87/21

പ്രവൃത്തിയുടെ പേര് : പുതുതായി നിർമിച്ച ആയുർവേദ ആശുപത്രി കെട്ടിടത്തിന് മുകളിലായി കോൺഫറൻസ് ഹാൾ നിർമാണം

ഫണ്ടിനം : വികസനഫണ്ട് (സാധാരണ വിഹിതം)

അടങ്കൽ : 4,90,000/-

കരാർ നം. : AGMT/MTGP/36/17-18DTD.09.03.18

കരാറുകാരൻ : ഷാജി. ബി.

എം.ബുക്ക്നം. : 0718-19

ചെലവ് : 337414/-രൂപ

ബിൽ നം. : 29/24.03.21

പുതുതായി നിർമിച്ച ആയുർവേദ ആശുപത്രി കെട്ടിടത്തിന് മുകളിലായി കോൺഫറൻസ് ഹാൾ നിർമിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയെങ്കിലും പ്രസ്തുത പ്രവൃത്തിയിലെ 1 മുതൽ 5 വരെ ഇനങ്ങളായി ഉൾപ്പെടുത്തിയിരുന്നതും കോൺഫറൻസ് ഹാൾ എന്ന നിലയിൽ ഉപയോഗിക്കുന്നതിന് അനിവാര്യമായതും എസ്റ്റിമേറ്റിലും റിവൈസ്ഡ് എസ്റ്റിമേറ്റിലും ഉൾപ്പെടുത്തിയിരുന്നതുമായ ഭിത്തി, വാതിലുകൾ, ജനലുകൾ, വെന്റിലേറ്ററുകൾ എന്നി ഇനം പ്രവൃത്തികൾ നിർവഹിക്കാതെ മേൽക്കൂര, തറയിൽ ടൈൽപാകൽ എന്നീ പ്രവൃത്തികൾ മാത്രം പൂർത്തിയാക്കി അന്തിമ ബിൽ നൽകിയതിലൂടെ കോൺഫറൻസ് ഹാൾ നിർമാണം എന്ന ലക്ഷ്യം നേടാൻ കഴിഞ്ഞില്ല.

പ്രസ്തുത പ്രവൃത്തിയിൽ ഇനം 8 ആയി ഉൾപ്പെടുത്തിയിരിക്കുന്ന Steel Work In Built Up Tubular Trusses Etc Including Cutting Hoisting Fixing Position And Applying A Primary Coat Of Approved Steel Primer Including Welding എന്ന വിവരണത്തിലുള്ള Truss Work ന് 80x40x1.4mm Rectangular Tube ഉപയോഗിച്ചിരിക്കുന്നതിൽ ക്രമ നം. 5 ആയി 2x4x6.90 എന്ന അളവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രസ്തുത പ്രവൃത്തി 2x2x6.90 എന്ന അളവിൽ മാത്രമാണ് നിർവഹിച്ചിട്ടുള്ളതെന്ന് അസി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ വ്യക്തമാവുന്നു.

അധികമായി കണക്കാക്കിയ അളവും നൽകിയ തുകയും ചുവടെ ചേർക്കുന്നു.

| പ്രവൃത്തി വിവരം | അളവുപുസ്തക പ്രകാരം അളവ് | നല്കിയ തുക | നൽകേണ്ട/ ബോധ്യപ്പെട്ട അളവ് | നല്കാവുന്ന തുക |
|---|---|---|---|---|
| Steel Work In Built Up Tubular Trusses Etc .... 80 X 40x1.4mm Rectangular Tube | 2x4x6.90= 55.2m@2.55kg/m =140.76kg | 140.76x 133.61= 18806.94 | 2x2 X6.90= 27.6m@2.55kg/m =70.38kg | 70.38x 133.61= 9403.47 |
| അധികമായി നൽകിയ തുക | | | | 9403.47/- |

മേൽ സൂചന അപാകതകളിന്മേൽവിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലോക ബാങ്ക് സഹായമായി ലഭിച്ച ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളിലെ ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് ആയുർവേദ ആശുപത്രി കെട്ടിടത്തിന് മുകളിലായി കോൺഫറൻസ് ഹാൾ നിർമിക്കുന്നതിന് പ്രോജക്ട്

തയ്യാറാക്കിയെങ്കിലും പദ്ധതി ഏറ്റെടുത്ത് ഒരു മാസത്തിനുള്ളിൽ ഫണ്ട് ലാപ്സായി എന്നും ഈ സമയത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കുവാൻ കഴിഞ്ഞില്ലായെന്നും ഫണ്ട് ലഭ്യതയെക്കുറിച്ചുള്ള അനിശ്ചിതത്വം തുടർന്നതിനാൽ 30.03.18 വരെ നടത്തിയ പ്രവൃത്തികൾ വച്ച് ബില്ല് തയ്യാറാക്കി പ്രവൃത്തി അവസാനിപ്പിച്ച് ഫണ്ട് ലഭ്യമാക്കാൻ സർക്കാരിലേയ്ക്ക് അപേക്ഷ നൽകുകയായിരുന്നുവെന്നും സ്ട്രക്ചറൽ സ്റ്റീലിന്റെ അളവ് രേഖപ്പെടുത്തിയതിൽ ഒരു എൻട്രിയിൽ പിഴവുണ്ടായിയെന്നും പ്രസ്തുത തുക കരാറുകാരനിൽനിന്നും ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

നിർവഹിക്കാത്ത അളവ് രേഖപ്പെടുത്തി അധികമായി നൽകിയ 9403/-രൂപ ഓഡിറ്റിൽ നിരാകരിയ്ക്കുന്നു.

പൂർത്തികരിച്ച പ്രവൃത്തികളിലൂടെ കോൺഫറൻസ് ഹാൾ നിർമാണം എന്ന ലക്ഷ്യം നേടാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തിക്കായി വിനിയോഗിച്ചതിൽ ശേഷിയ്ക്കുന്ന 3,28,011/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിലവിലെ നിർമിതിയെ കോൺഫറൻസ് ഹാൾ എന്ന നിലയിൽ ഉപയോഗിക്കാവുന്ന വിധത്തിലാക്കി മാറ്റുന്നതിന് ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. - 10/20-21

നിരാകരിച്ച തുക - 9403/-രൂപ.

തടസ്സപ്പെടുത്തിയ തുക - 3,28,011/- രൂപ

## 1-14-1 പാലളവിലധികമായി സബ്സിഡി നൽകി.

ഡയറി ഫാം ഇൻസ്ട്രക്ടർ 2020-21 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിന് സബ്സിഡി എന്ന പ്രോജക്ടിൽ (പ്രോ നം. 92/20-21) വികസനഫണ്ട് (ജനറൽ) ഇനത്തിൽ 3,00,000/- രൂപ അടങ്കൽ വകയിരുത്തി നടപ്പിലാക്കിയ പദ്ധതിയ്ക്കായി 3,00,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ക്ഷീരകർഷകർ ക്ഷീര സഹകരണ സംഘങ്ങളിൽ നൽകുന്ന പാലിന്റെ അളവിനെ ആധാരമാക്കി സബ്സിഡി നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യമാക്കിയിരുന്നത്. എന്നാൽ പട്ടംതുരുത്ത് ക്ഷീര സഹകരണ സംഘത്തിൽ നൽകിയ പാലിന്റെ അളവിനേക്കാൾ അധികമായി സബ്സിഡി നൽകിയതായി സബ്സിഡിക്കായി കണക്കാക്കിയ പാലിന്റെ അളവ് സ്റ്റേറ്റ്മെന്റും പ്രസ്തുത സംഘത്തിൽനിന്ന് ഹാജരാക്കിയ പ്രതിമാസ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും | ജൂലൈ പാലളവ് | ആഗസ്റ്റ് | സെപ്റ്റംബർ | ആകെ | നൽകേണ്ട സബ്സിഡി | നൽകിയ സബ്സിഡി | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| കനകമ്മ എസ്.കെ.എസ് നിവാസ് പട്ടംതുരുത്ത് | 187.9 | 174.6 | 123.2 | 485.7 | 1942.8 (485.7x4) | 3413 | 1471 |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ അധികം നൽകിയ തുക ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പാലിന്റെ അളവിനേക്കാൾ അധികമായി നൽകിയ സബ്സിഡി ഓഡിറ്റിൽ നിരാകരിക്കുന്നു. ഒടുക്കു വരുത്തി നിരാകരണം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

എൻക്വയറി നമ്പർ - 4/10-08-21

നിരാകരിച്ച തുക – 1471/-രൂപ

### 1-14-2 പാലിന് സബ്സിഡി - അധിക നിരക്കിൽ നൽകി

2020-21 സാമ്പത്തിക വർഷത്തിൽ ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിന് സബ്സിഡി എന്ന പ്രോജക്ടിൽ (പ്രോ നം. 92/20-21) ജൂലൈ മാസം മുതൽ സെപ്റ്റംബർ മാസം വരെയുള്ള കാലയളവിൽ പാലിന് സബ്സിഡി നൽകുന്നതിനായി പഞ്ചായത്ത് ഫണ്ടിൽ നിന്ന് ലിറ്ററൊന്നിന് നാല് രൂപ തോതിൽ സബ്സിഡി നൽകി. മേൽ പ്രോജക്ട് പ്രകാരം പാലിന് സബ്സിഡി നൽകുന്നതിനായി ജില്ലാപഞ്ചായത്ത് ഫണ്ടിനത്തിൽ3,00,000/- രൂപ അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയ്ക്കായി 3,00,000/- രൂപ (ബിൽ നമ്പർ. 1/20-21, 15-05-20 പ്രകാരം 59409 2/20-21, 15-05-20 പ്രകാരം 240591 ) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചപ്പോൾ ലിറ്ററൊന്നിന് നാല് രൂപ തോതിൽ സബ്സിഡി നൽകിയിട്ടുണ്ട്. ക്ഷീര വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തുകയായ ഒരു രൂപ ഉൾപ്പെടാത്ത പക്ഷം കർഷകന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സബ്സിഡി ലിറ്ററിന് 3 രൂപ തോതിലായതിനാലും സംസ്ഥാനവിഹിതം ലഭ്യമല്ലെങ്കിൽ അതും തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകണമെന്ന് സബ്സിഡി മാർഗരേഖയിൽ വ്യവസ്ഥ ചെയ്യിട്ടില്ലാത്തതിനാലും പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 4 രൂപ തോതിൽ സബ്സിഡി നൽകിയത് സബ്സിഡി മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. പ്രസ്തുത സാഹചര്യത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 4 രൂപ തോതിൽ അധിക സബ്സിഡി നൽകിയത് ക്ഷീരവികസന വകുപ്പിൽ നിന്നും ഈടാക്കി ഒടുക്കവരുത്തി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

എൻക്വയറി നമ്പർ - 4/10-8-21

### 1-15 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് - ലാപ് ടോപ്പ് വിതരണം ചെയ്യാതെ അവശേഷിക്കുന്നു

2020-21 സാമ്പത്തിക വർഷത്തിൽ വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്. (പ്രോജക്ട് നമ്പർ. 38/20-21). വികസന ഫണ്ട് (എസ്.സി.പി) ഇനത്തിൽ 2,65,000/- രൂപയും തനത് ഫണ്ടിനത്തിൽ 12,220/- രൂപയും ഉൾപ്പടെ ആകെ 2,77,220/- രൂപ അടങ്കൽ വകയിരുത്തി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയ്ക്കായി കെൽട്രോണിൽ നിന്ന് ലാപ്ടോപ്പ് വാങ്ങുന്നതിനായി 2,77,220/- രൂപ ചെലവഴിച്ചിട്ടുണ്ട്. (2,65,000/- ബിൽ നമ്പർ – 14/20-21, 20-10-20; 12,220/-ചെക്ക് നമ്പർ - 6080017/ 23-07-20 ). ഇതിന്റെ അടിസ്ഥാനത്തിൽ 15-06-21 ൽ കെൽട്രോണിൽ നിന്നും 10 ലാപ്ടോപ്പുകൾ ലഭിക്കുകയും ആയത് 15-06-21 ൽ സ്റ്റോക്കിലെടുക്കുകയും ചെയ്യിട്ടുണ്ട്. എന്നാൽ ഇവയിൽ 9 എണ്ണം മാത്രമാണ് നാളിതുവരെ വിതരണം ചെയ്യിട്ടുള്ളത്. മാത്രവുമല്ല, ലാപ്ടോപ്പ് വാങ്ങിയതുമായി ബന്ധപ്പെട്ട് കെൽട്രോണിൽ നിന്നും ലഭ്യമാക്കിയ ബില്ലും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ

സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാലാണ് ഒരു ഗുണഭോക്താവിന് ലാപ് ടോപ്പ് വിതരണം ചെയ്യാൻ സാധിക്കാത്തത് എന്നും കൂടാതെ കെൽട്രോണിൽ നിന്നും ലഭ്യമാക്കിയ ബില്ലിൽ തെറ്റുള്ളതിനാൽ പുതിയ ബിൽ ലഭ്യമാക്കാൻ കെൽട്രോണിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ആവശ്യകത നിർണ്ണയിച്ചുകൊണ്ട് മാത്രം പ്രോജക്ട് നിർവഹണം ചെയ്യുന്നതിന് നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ സാഹചര്യത്തിൽ വിതരണം ചെയ്യാത്ത ലാപ്ടോപ്പ് വാങ്ങുന്നതിനായി ചെലവഴിച്ച 27,722/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. കെൽട്രോണിൽ നിന്നും ലഭ്യമാക്കിയ ബില്ല് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതോടൊപ്പം വിതരണം ചെയ്യാൻ അവശേഷിക്കുന്ന ലാപ്ടോപ്പ് വിതരണം ചെയ്യും തടസം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

എൻക്വയറി നമ്പർ – 3/9-8-21

തടസ്സപ്പെടുത്തിയ തുക - 27,722/- രൂപ

1-16 കറവ പശുവിനെ വാങ്ങൽ – പശുക്കളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പദ്ധതി,നം,പേര് | 161/21 പശുവളർത്തൽ (എസ്സ്.സി, സുഭിക്ഷകേരളം) |
| അടങ്കൽ തുക | 5,40,000/- (വികസന ഫണ്ട്ജനറൽ – 1,07,000/- എസ്.സി.പി – 1,04,000/, ബ്ലോക്ക് വിഹിതം - 1,80,000/-, തനത്ഫണ്ട് - 14,000/-, ഗുണഭോക്തൃ വിഹിതം - 1,35,000/-) |
| ചെലവ് തുക | 3,00,000/- (വികസന ഫണ്ട്ജനറൽ - 107000/- എസ്.സി.പി – 1,04,000/-, തനത്ഫണ്ട് - 14,000/-, ഗുണഭോക്തൃ വിഹിതം – 75,000/-) |

മേൽ പദ്ധതി വഴി 45,000/- രൂപ സബ്സിഡി ആനുകൂല്യം കൈപ്പറ്റി പശുക്കളെ വാങ്ങിയ 5 ഗുണഭോക്താക്കളുടെയും പശുക്കളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഇൻഷ്വറൻസ് രേഖകളുടെ അഭാവത്തിൽ മേല്പദ്ധതി വഴി പശുക്കളെ വാങ്ങുന്നതിന് വേണ്ടി വികസനഫണ്ടിൽ നിന്നും തനത്ഫണ്ടിൽനിന്നുമായി ചെലവഴിച്ച 2,25,000/-(5x45,000) തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിഷയം സൂചിപ്പിച്ച് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എൻക്വയറി നം. 8/16-8-21

തടസ്സപ്പെടുത്തുന്ന തുക – 2,25,000/- രൂപ

1-17 ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ പഞ്ചായത്ത് ഓഫീസിൽ അധിക സൗകര്യമൊരുക്കൽ - ബിൽ പ്രകാരമുള്ള ഫർണീച്ചറുകൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 123/21 ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ പഞ്ചായത്ത് ഓഫീസിൽ അധിക സൗകര്യമൊരുക്കൽ |
| അടങ്കൽ തുക | 4,33,000/- തനത്ഫണ്ട് |
| ചെലവഴിച്ച തുക | 3,85,630/- ചെക്ക് നം. 6782766/23-3-21 |

ഐ.എസ്.ഒ. സർട്ടിഫിക്കേഷനുവേണ്ടി അധിക സൗകര്യമൊരുക്കുന്നതിന് ഫർണിച്ചറുകളും മറ്റും വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും, സ്ഥാപനത്തിന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമായിട്ടില്ല. തനത് ഫണ്ടിൽ നിന്നും 3,85,630/- രൂപ ചെലവഴിച്ച് ARTCO മുഖേന നിർവ്വഹണം നടത്തിയ പദ്ധതിയ്ക്ക് ARTCO യുടെ ബിൽ പ്രകാരമുള്ള എല്ലാ ഇനങ്ങളും വിതരണം ചെയ്തിട്ടില്ലെന്നും, എ.ഇ. ചെക്ക് മെഷർ ചെയ്യാതെ തുക നല്കിയതായും ബോദ്ധ്യപ്പെട്ടു. വിശദവിവരം വിവരം ചുവടെ ചേർക്കുന്നു.

1. ARTCO യുടെ ഇൻവോയ്സ് നം. 98/30.11.20 പ്രകാരം ക്രമ നം. 3 ആയി 1.350 $M^2$ ഉള്ളതും ടാക്സ് ഉൾപ്പെടെ 28,336/- രൂപ വിലയുള്ളതുമായ എക്സിക്യൂട്ടീവ് ടേബിൾ കോൺഫറൻസ് ഹാളിൽ സ്ഥാപിച്ചതിന് തുക നൽകിയെങ്കിലും ടേബിൾ സപ്ലൈ ചെയ്തിട്ടില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. (മോഡൽ നം. 2 @ 17788/$m^2$ (Specification -Executive Table Model No. 2, By Using Good Quality 18mm MDF, 15 Mm MDF And 12 Mm MDF And Inside And Outside Good Quality Painted Finish With Drawer & Cupboard, With Sliding Key Board, File Manager, Steel Handle, Provision For CPU/UPS With Lock And Key). ടി ടേബിളിന്റെ സ്പെസിഫിക്കേഷനോട് കൂടിയതും 2.12 $M^2$ ഉള്ളതുമായ എക്സിക്യൂട്ടീവ് ടേബിൾ ഇൻവോയ്സ് നം. 79/05.11.2020 ക്രമ നം. 3 ആയി (വില 44,498/-രൂ, സെക്രട്ടറിയുടെ റൂം) സപ്ലൈ ചെയ്തത് പരിശോധിച്ച് അളവുബോധ്യപ്പെട്ടിട്ടുണ്ട്. കോൺഫറൻസ് ഹാളിൽ ടേബിൾ സ്ഥാപിച്ചതായി

രേഖപ്പെടുത്തി 28,336/- രൂപ കൈപ്പറ്റിയെങ്കിലും, ടേബിൾ സ്ഥാപിച്ചിട്ടില്ലെന്ന് പരിശോധനയിൽ വ്യക്തമായതിനാൽ 28,336/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

2. കോൺഫറൻസ് ഹാളിന്റെ ഡോറിന് Using Powder Coated Aluminium Sections And Glass Door Providing Door Size – 90x200cm സ്പെസിഫിക്കേഷനില്ലുള്ള ഡോറിന്റെ റേറ്റ് ആയ $M^2$ ന് 5,551/- രൂപ നിരക്കിലാണ് 1.845 $M^2$ ന് ടാക്സ് ഉൾപ്പെടെ 12,085/- രൂപ നല്കിയിട്ടുള്ളത് (ഇൻവോയിസ് നം. 98/30.11.2020). എന്നാൽ സ്ഥാപിച്ചിട്ടുള്ളത് (Supplying And Fixing Powder Coated Aluminium Partition Using 100x44.5x1.3mm For Bottom And 44.5x44.5x1.3mm For Vertical And Horizontal And Verticals At 1 Mm Intervals, Glazing Clips, Rubber Beadings, Bottom 1/3 M Covered With 12 Mm Thick Novopan And Middle And Top Portion With 5 Mm Thick Plain Glass) $M^2$ ന് 2,198/- രൂപ നിരക്കില്ലുള്ള ഡോറാണ്. ഡോറിന്റെ റേറ്റ് ഇനത്തിൽ അധികം നല്കിയ 7,300/- (12,085-4,785) (1.845 $M^2$ @ 2198+18% ജി.എസ്.ടി)) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

3. കോൺഫറൻസ് ഹാളിന്റെ ഡയസ്സിന് Setting Up Of Anjiliwood Table For Dias, 180x90x75 എന്ന സ്പെസിഫിക്കേഷനിൽ $M^2$ ന് 7,981/- രൂപ നിരക്കിൽ 7.062 $M^2$ ന് ടാക്സ് ഉൾപ്പെടെ 66,507/- രൂപ നല്കിയിട്ടുണ്ട് (ഇൻവോയിസ് നം. 98/30.11.2020) എന്നാൽ Dias ന്റെ അളവ് 6.56 $M^2$ ആണെന്ന് ബോധ്യപ്പെട്ടു. അധിക അളവ് രേഖപ്പെടുത്തി. 5 $M^2$ (7.06-6.56) 1 $M^2$ ന് 7,981/- രൂപ നിരക്കിൽ, 3,990/- രൂപ അധികം നൽകിയിട്ടുണ്ട്. ARTCO യുടെ പ്രൈസ് ലിസ്റ്റിൽ Setting Up Of Anjiliwood Table For Dias 180x90x75 എന്ന സ്പെസിഫിക്കേഷനിൽ $M^2$ ന് 7,981/- രൂപ നിരക്കും, Settting Up Of Anjili Wood Pedestal Providing Pedestal 15" Height (3x2.6x2.3)cm, Rate Per $M^2$- 2,957/- രൂപ എന്ന നിരക്കും ഉള്ളതിൽ, ഏതിനമാണ് കോൺഫറൻസ് ഹാളിൽ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുന്നതിന് ARTCO യുടെ അസി. എഞ്ചിനീയർക്ക് കഴിഞ്ഞില്ല. ആയതിനാൽ ഈയിനത്തിൽ ചെലവുചെയ്ത 66,507/- രൂപയിൽ അളവിലധികം രേഖപ്പെടുത്തി നൽകിയ 3,990/- രൂപ നിരാകരിക്കുന്നു.

ഐ.എസ്.ഒ. സർട്ടിഫിക്കേഷനുവേണ്ടി ചെലവുചെയ്ത 3,85,630/- രൂപയിൽ മേൽ അപാകതകളിൽ (28336+7300+3990) 39,626/- രൂപയുടെ ചെലവ് നിരാകരിക്കുകയും അവശേഷിക്കുന്ന 3,46,004/- രൂപയുടെ ചെലവ് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ പൂർത്തിയാക്കാത്തതിനാൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. തടസ്സപ്പെടുത്തിയ 3,46,004/- രൂപയിൽ 62,517/- രൂപ ഇനം 3 പ്രകാരമുള്ള ഏതിനം സ്പെസിഫിക്കേഷനിലെ Dias ആണെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയും, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ പൂർത്തികരണ രേഖകൾ ലഭ്യമാക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്. സപ്ലൈ ചെയ്യാതെ തുക നൽകിയതിലേയും, സ്പെസിഫിക്കേഷനിലെ വ്യത്യാസത്തിലും, അളവിലെ കുറവിലുമുണ്ടായിട്ടുള്ള നഷ്ടം 39,626/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം – 7/12/8/21,

നിരാകരിക്കുന്ന തുക – 39626/- രൂപ

തടസ്സപ്പെടുത്തുന്ന തുക – 3,46,004/- രൂപ

1-18 സമഗ്ര ദുരന്ത നിവാരണപദ്ധതി തയ്യാറാക്കൽ -മാപ്പിംഗ്-പൂർത്തീകരണരേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 106/21 സമഗ്ര ദുരന്ത നിവാരണപദ്ധതി തയ്യാറാക്കൽ -മാപ്പിംഗ് |
| അടങ്കൽ തുക | 1513000/- വികസനഫണ്ട് ജനറൽ ) |
| ചെലവഴിച്ച തുക | 445107/-ബിൽ നം 5/24-7-20 |

വികസനഫണ്ടിൽ നിന്നും 15,13,000/- രൂപ വകയിരുത്തിയിട്ടുള്ള മേൽ പദ്ധതിയിൽ നിന്നും തൻ വർഷം 4,45,107/- രൂപ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് മുൻകൂറായി നല്കുകയും 16-9-20 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു.കരാർ പ്രകാരം കരാർ തീയതി മുതൽ ഒരു വർഷത്തിനുള്ളിലാണ് പ്രവർത്തി പൂർത്തീകരിച്ച് നല്കേണ്ടത്. സ്ഥാപനം സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം പദ്ധതി ചെലവ് ചുവടെ ചേർക്കും പ്രകാരമാണ്. പ്രസ്തുത തുകയുടെ 30% ആണ് മുൻകൂറായി നല്കിയിട്ടുള്ളത്.

| | Item | Unit | Unit Price | Total Units | Total Price |
|---|---|---|---|---|---|
| 1 | Base Map * | Sq.km | 7000.00 | 13.4 | 93800 |
| 2 | House Hold Survey * | Number | 110.00 | 3500 | 385000 |
| | * As Per Govt Orders | | | Total | 478800.00 |
| | Additional Features | | | | |
| 3 | Drone Survey | Sq.km | 20000.00 | 13.4 | 268000 |
| 4 | Data Integration ,Report Mapping And Generation | Number | 500000.00 | 1 | 500000.00 |
| | | | | Total | 1246800.00 |
| | | | | Tax (Gst + Flood Cess)19% | 236892.00 |
| | | | | Grand Total | 1483692.00 |

മേൽപദ്ധതി പൂർത്തീകരണ വിവരം ഐ.കെ.എം ഡെവലപ്പ് ചെയ്ത് വിന്യസിച്ചിട്ടുള്ള സോഫ്റ്റ്വെയറുകളുമായി സംയോജിപ്പിച്ചതിന്റെ വിവരം, പഞ്ചായത്തിലെ വിവിധമേഖലകളിലെ പ്രവർത്തനങ്ങൾക്ക് ജി.ഐ.എസ് മാപ്പിങ്ങ് ഏതൊക്കെ രീതിയിൽ പ്രയോജനപ്പെടുന്നു എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് കൊണ്ട് എൻക്വയറി നല്കിയെങ്കിലും രേഖകൾ ലഭ്യമാക്കുകയോ മറുപടിഹാജരാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ ക്രമ നം. 1, 2 എന്നിവയിലെ നിരക്കുകൾ സ.ഉ(സാധാ) നം2556/18 ത.സ്വ.ഭ.വ 4-10-18 പ്രകാരം നിശ്ചയിച്ച് നൽകിയിട്ടുണ്ടെങ്കിലും ക്രമ നം. 3, 4 എന്നിവയുടെ നിരക്കുകൾ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ നിരക്ക് സംബന്ധിച്ച സർക്കാർ ഉത്തരവും ഹാജരാക്കിയിട്ടില്ല.മേൽകാരണങ്ങളാൽ പദ്ധതിക്ക് വേണ്ടി മുൻകൂറായി നല്കിയ 445107/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. – 7/12/8/21,

തടസ്സപ്പെടുത്തുന്ന തുക – 445107/-

1-19 ചാലപ്പുറം കോളനിയിൽ കുടിവെള്ള വിതരണം ഭൂഗർഭജലവകുപ്പിന് തുക നല്കൽ- എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെയും പദ്ധതി നടത്തിപ്പിലെയും അപാകതകൾ.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 108/21 ചാലപ്പുറം കോളനിയിൽ കുടിവെള്ള വിതരണം ഭൂഗർഭജലവകുപ്പിന് തുക നല്കൽ( 189/19) |
| അടങ്കൽ തുക | 7,00,000/-( വികസനഫണ്ട് എസ്.സി.പി 6,88,000/- തനത്ഫണ്ട് 12000 ) |
| ചെലവഴിച്ച തുക | 6,88,000/-<br>ബിൽ നം. 15/6-7-20, തുക – 4,17,536/-<br>ബിൽ നം. 38/25-3-21, തുക – 75,000/-<br>ബിൽ നം. 39/25-3-21, തുക – 1,95,464/- |

7,00,000/- രൂപ അടങ്കൽ തുക വകയിരുത്തിയ മേൽ പ്രവൃത്തിക്കായി ഭൂഗർഭജലവകുപ്പിൽ നിന്നും സ്ഥലപരിശോധനയ്ക്ക് ശേഷം ജി.കെ.റ്റി 672/2020 പ്രകാരം നല്കിയ എസ്റ്റിമേറ്റിൽ 6 ഇഞ്ച് ഡയമീറ്ററും 120 മീറ്റർ ആഴവുമുള്ള ട്യൂബ് വെല്ലിന്, ക്രമ നം. 2-പ്രകാരം 150mm Diameter UPVC Plain Pipe (87m)ഉം ക്രമ നം. 3 പ്രകാരം- 50mm Diameter Slotted Pipe (33m) ഉം, ക്രമ നം. 4-പ്രകാരം 150 Diameter Bail Plug ഉം ഉൾപ്പെടെയുള്ള 5 ഇനങ്ങൾക്കായി ആകെ തുക 4,17,536/- രൂപയായിരുന്ന രേഖപ്പെടുത്തിയിരുന്നത്.

എന്നാൽ മേൽ സൂചന എസ്റ്റിമേറ്റിലെ ക്രമ നം. 2 മുതൽ 5വരെയുള്ള ഐറ്റങ്ങളുടെ വിപണി വിലവർദ്ധിച്ചതിനാൽ കൂടുതൽ തുക ആവശ്യപ്പെട്ട് 27-1-21 ലെ ജി.കെ.റ്റി 672/2020 കത്ത് പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് നല്കിയതിൽ ക്രമ നം. 2-പ്രകാരം 150 മീറ്റർ ആഴത്തിലുള്ള ട്യൂബ് വെല്ലിന് 200mm Diameter UPVC Plain Pipe(120m), ക്രമ നം. 3-പ്രകാരം 200mm Diameter Slotted Pipe (30m) ക്രമ നം. 4-പ്രകാരം 200 Mm Diameter Bail Plug എന്നിവയുൾപ്പെടുത്തി 9,03,311/- രൂപ എസ്റ്റിമേറ്റ് നിശ്ചയിക്കുകയും 4,85,775/- രൂപ അധികമായി ആവശ്യപ്പെടുകയും ചെയ്തതിനെത്തുടർന്ന് പഞ്ചായത്തിൽ നിന്നും 2,70,464/- രൂപ കൂടി ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ 19-4-21 ലെ ജി.കെ.റ്റി 672/2020 കത്തിൽ എസ്ററിമേറ്റ് തുക 120 മീറ്റർ ആഴത്തിനനുസരിച്ച് 7,16,271/- ആയി പുനർ നിർണ്ണയിച്ച് നല്കുകയും മുൻ എസ്റ്റിമേറ്റ് പ്രകാരം ഒടുക്ക വരുത്താൻ ശേഷിക്കുന്ന 2,15,311/- രൂപയ്ക്ക് പകരം 28,271/- രൂപ ഒടുക്കിയാൽ മതിയെന്നും അറിയിച്ചിട്ടുണ്ടെങ്കിലും പുതുക്കിയ എസ്റ്റിമേറ്റിൽ പൈപ്പിന്റെ അളവ് മാറിയത് സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടില്ല. (150mm Diameter ന് പകരം 200mm Diameter നുള്ള പൈപ്പിന്റെ നിരക്കുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്). പുതുക്കിയ എസ്റ്റിമേറ്റിൽ പൈപ്പിന്റെ അളവ് മാറിയത് സംബന്ധിച്ച് ഭൂഗർഭജലവകുപ്പിൽ നിന്നും വിശദീകരണം ആവശ്യപ്പെടേണ്ടതും തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച പദ്ധതി വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. പ്രസ്തുത രേഖകൾ ഹാജരാക്കുന്നത് വരെ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 6,88,000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. – 7/12/8/21,

തടസ്സപ്പെടുത്തുന്ന തുക – 6,88,000/- രൂപ

1-20 ചാലപ്പുറം പമ്പ് ഹൗസ് നിർമ്മാണവും പൈപ്പ് ലൈൻ സ്ഥാപിക്കലും -കേരള വാട്ടർ അതോറിറ്റിക്ക് തുക നല്കൽ-വിശദമായ എസ്റ്റിമേറ്റില്ലാതെ തുക നല്കി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 170/21 ചാലപ്പുറം പമ്പ് ഹൗസ് നിർമ്മാണവും പൈപ്പ് ലൈൻ സ്ഥാപിക്കലും –<br>കേരള വാട്ടർ അതോറിറ്റിക്ക് തുക നല്കൽ |
| അടങ്കൽ തുക | 540000/- വികസനഫണ്ട് CFC), 490000/-block Share |
| ചെലവഴിച്ച തുക | 540000/- വികസനഫണ്ട് CFC), 40/25-3-21<br>490000/-block Share ബിൽ നം 41/29-3-21 |

മേൽ പദ്ധതി പ്രവർത്തന-ചെലവ് വിശദാംശങ്ങളിൽ ചാലപ്പുറം കോളനിയിലെ ഏതൊക്കെ സ്ഥലങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയ എസ്റ്റിമേറ്റിൽ (നം. 2021/7065) വിശദമായ വിവരങ്ങൾ ഉൾപ്പെടുത്താതെ Pipe Laying & Interconnection Works 1824896/- , Contigencies 10,000/-, Centage 1,82,489.61/-, എന്നിവ ഉൾപ്പെടെ 22,26,373/- രൂപ എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടി എസ്റ്റിമേറ്റ് പ്രകാരം 10,30,000/- രൂപ പഞ്ചായത്തിൽ നിന്നും കൈമാറിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റില്ലാതെ തുക നല്കിയതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.വിശദമായ എസ്റ്റിമേറ്റില്ലാത്തതിനാലും പൂർത്തീകരണ രേഖകൾ ഹാജരാക്കാത്തതിനാലും മുൻകൂറായി നിക്ഷേപിച്ച

10,30,000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം. 7/12/8/21,

തടസ്സപ്പെടുത്തുന്ന തുക – 10,30,000/- രൂപ

1-21 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതിനാൽ തുകകൾ തടസ്സപ്പെടുത്തുന്നു. വിശദമായ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം | പദ്ധതിയുടെ പേര്, അടങ്കൽ തുക, ചെലവഴിച്ച തുക (ബിൽ നം) | നിർവ്വഹണ ഏജൻസി | തടസ്സപ്പെടുത്തുന്ന തുക | കാരണം |
|---|---|---|---|---|
| 1 | 72/21കുടി വെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷന് മാറ്റി സ്ഥാപിക്കൽ , വികസനഫണ്ട് സി.എഫ്.സി.ബിൽ നം. 19/19-8-20 2,50,000/- ബിൽ നം. 27/23-10-20 തുക 21,806/- | 'വാട്ടർ അതോറിറ്റി | 2,71,806/- | വിശദമായ ധനവിനിയോഗ സർട്ടിഫിക്കറ്റ്, പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 2 | 168/21ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ നം- തനത്ഫണ്ട്, ചെക്ക് നം 6080418/23-10-20, 47,914/- | കെ.എസ്.ഇ.ബി' | 47,194/- | വിശദമായ ധനവിനിയോഗ സർട്ടിഫിക്കറ്റ്, പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 3 | 4/21 എസ്.എസ്.എ.വിഹിതം നല്കൽ, വികസനഫണ്ട് ജനറൽ 2,25,000/-, 13/16-6-20 | എസ്.എസ്.എ | 2,25,000/- | വിശദമായ ധനവിനിയോഗ സർട്ടിഫിക്കറ്റ്ഹാജരാക്കിയിട്ടില്ല. |
| 4 | 5/21 ഐ.കെ.എമ്മിന് വിഹിതം നല്കൽ, വികസനഫണ്ട് ജനറൽ 20,114/-, 11/16-6-20 | ഐ.കെ.എം | 20,114/- | വിശദമായ ധനവിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| | | ആകെ | 5,64,114/- | |

1-22 പി.എച്ച്.സി, പി.എച്ച്.സി.സബ്സെന്റർ വാടക നല്കൽ - വാടക നിശ്ചയിച്ചതിലെ അപാകത

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കലോഫീസർ, പി.എച്ച്.സി |
| പ്രോജക്റ്റ് നം | 35/21 പി.എച്ച്.സി, പി.എച്ച്.സി. സബ്സെന്റർ വാടക നല്കൽ |
| അടങ്കൽ തുക | 1,36,600/- മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് |

| | |
|---|---|
| ചെലവഴിച്ച തുക | 1,30,568/- രൂപ<br>(ബിൽ നം. 6/21-8-20, തുക – 44,680/-<br>ബിൽ നം. 11/21-10-20, തുക – 17,872/-<br>ബിൽ നം. 14/12-11-20, തുക – 17,336/-<br>ബിൽ നം. 16/18-2-21, തുക – 30,408/-<br>ബിൽ നം. 24/13-3-21, തുക – 10,136/-<br>ബിൽ നം. 27/19-3-21, തുക – 10,136/- |

2018 ലെ പ്രളയത്തിൽ തകർന്നതിനെ തുടർന്ന് ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി, പി.എച്ച്.സി. സബ്സെന്റർ എന്നിവ വാടക കെട്ടിടങ്ങളിലേക്ക് മാറിയിരുന്നു. പി.എച്ച്.സിക്ക് വാടകയായി 8,936/- രൂപയും പി.എച്ച്.സി.സബ്സെന്ററിന് വാടകയായി 1,200/- രൂപയുമാണ് മേൽ പദ്ധതി വഴി നല്കിവരുന്നത്. ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് അസി. എക്സി. എഞ്ചിനീയർ ആണ് കെട്ടിടങ്ങൾക്ക് വാടക നിശ്ചയിച്ച് നല്കിയിരിക്കുന്നത്. വിവിധ വകുപ്പുകളിലെ ഓഫീസുകൾക്കായി സ്വകാര്യ കെട്ടിടങ്ങൾ വാടകയ്ക്കെടുക്കുമ്പോൾ വാടക നിശ്ചയിച്ച് നല്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് (ജി.ഒ(ആർ.റ്റി.)നം 269/16 പി.ഡബ്ല്യു.ഡി തീ5-2-16) പ്രകാരം കെട്ടിടത്തിനും കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിക്കും (ഗ്രൗണ്ട് ഫ്ലോറിന്റെ പ്ലിന്ത് ഏരിയാക്ക് ആനുപാതികമായ ഭൂമി 3.255 ആർ) ആണ് ഉത്തരവിലെ മറ്റ് നടപടിക്രമങ്ങൾ പാലിച്ച് വാടക നിശ്ചയിക്കാവുന്നത്.

എന്നാൽ പി.എച്ച്.സിക്കായി വാടകയ്ക്കെടുത്ത കെട്ടിടം (130.20$m^2$) സ്ഥിതിചെയ്യുന്ന ഭൂമിയുടെ അളവ് പൂർണ്ണമായും (27.3 ആർ) ഉൾപ്പെടുത്തി 8,936/- രൂപ വാടക നിശ്ചയിച്ചിരിക്കുകയാണ്. (കെട്ടിടത്തിന്റെ വാടക 5250.58 + ഭൂമിയുടെ വാടക 3685.5/- ,) സർക്കാർ ഉത്തരവനുസരിച്ച് നിശ്ചയിക്കേണ്ടിയിരുന്ന വാടക 5250.58+439.43 (3.255 ആറിന്റെ വാടക) – 5,690/- രൂപയാണ്.

റെന്റ് കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റിൽ ഭൂമിയുടെ അളവ് പൂർണ്ണമായി ഉൾപ്പെടുത്തി വാടക നിശ്ചയിച്ചതിലെ അപാകത കണ്ടെത്തുകയും കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയുടെ അളവ് മാത്രം ഉൾപ്പെടുത്തി സ്റ്റേറ്റ്മെന്റില് തിരുത്തൽ വരുത്തി പ്രതിമാസ വാടക 5,690/- രൂപയായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (റെന്റ് കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് നോട്ട് ഫയലിനോടൊപ്പം) ജൂൺ 2019 മുതൽ വാടകയായി പ്രതിമാസം 8,936/- രൂപ നിരക്കിലാണ് നല്കി വരുന്നത്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അനുവദനീയമായതിലും അധികമായി വാടക നല്കിയതുമൂലം മാർച്ച് 2020 മുതൽ മാർച്ച് 2021 വരെ 13 മാസങ്ങളിലെ വാടകയിനത്തിൽ അധികം ചെലവഴിക്കേണ്ടി വന്ന 42,198/- (3246x13) രൂപ നിരാകരിക്കുന്നു. അധികമായി നല്കിയ തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 7എ/16-8-21

നിരാകരിച്ച തുക – 42,198/- രൂപ

1-23 പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവ്വഹണം നടത്തിയ പി.എച്ച്.സിക്ക് മരുന്നുവാങ്ങൽ, സഞ്ജീവനി ഹോംകെയർ എന്നീ പദ്ധതികളിൽ മരുന്ന്, ഉപകരണങ്ങൾ എന്നിവയ്ക്കായിതുക മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഒടുക്കുവരുത്തിയിട്ടുണ്ടെങ്കിലും മരുന്ന് /ഉപകരണങ്ങൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ഫണ്ടിനം. | അടങ്കൽ തുക | മരുന്നിനായി നല്കിയ തുക | ബില്ല് നം/തീയതി | ലഭിച്ച മരുന്നുകളുടെ വില (രൂപ) | ലഭിയ്ക്കുവാനുള്ള മരുന്നുകളുടെ വില (രൂപ) |
|---|---|---|---|---|---|
| 26/2021, സഞ്ജീവനി ഹോംകെയർ, | 6,00,000/- | 1,50,000 | ബിൽ നം. 22/13-3-21 | 68,070 | 81,930/-രൂപ |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ മരുന്ന് വാങ്ങൽ | | | | | |
| 26/2021, സഞ്ജീവനി ഹോംകെയർ, വികസന ഫണ്ട് ജനറൽ, ഉപകരണങ്ങൾ വാങ്ങൽ | | 1,13,998 | ബിൽ നം. 21/13-3-21 | 0 | 1,13,998/-രൂപ |
| 27/2021, പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ, മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 2,51,000 | 38,428 | ബിൽ നം. 26/19-3-21 | 36,215 | 2,213 |

ലഭിക്കുവാൻ ശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി രേഖകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-24 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പദ്ധതി, നം, പേര് | 20/21 കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ തുക | 500000/- ( വികസന ഫണ്ട്ജനറൽ – 2,50,000/-)<br>ഗുണഭോക്തൃ വിഹിതം - 2,50,000/-) |
| ചെലവ് തുക | 2,50,000/- വികസന ഫണ്ട്ജനറൽ (ബിൽ നം. 13/22-3-21) |

2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിക്കായിഗ്രാമപഞ്ചായത്തിൽ നിന്നും 20 കന്നു കുട്ടികൾക്കുള്ള വിഹിതമായി (12,500/- രൂപ നിരക്കിൽ പഞ്ചായത്ത് വിഹിതം + സംസ്ഥാന വിഹിതം) 2,50,000/- രൂപ അസിസ്റ്റൻറ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീമിലേക്ക് ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിലും കന്നുകുട്ടികളെ സ്കീമിൽ എൻറോൾ ചെയ്തതിന്റെ രേഖകൾ കാലിത്തീറ്റ വിതരണരേഖകൾ, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ പദ്ധതിക്ക് വേണ്ടികാഫ് ഫീഡ് സബ്സിഡി സ്കീമിൽ ഒടുക്കിയ 2,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക്, രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
എൻക്വയറി നം. 8/16.8.21

തടസ്സപ്പെടുത്തിയ തുക - 2,50,000/- രൂപ

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ചെക്ക് മുഖേനയുള്ള വസ്തുനികുതിവരവ് തുക ക്രഡിറ്റ് ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന DTPC എന്ന കെട്ടിടത്തിന്റെ 2020-21 സാമ്പത്തികവർഷത്തെ വസ്തു നികുതി 16971/- രൂപയുടെ ചെക്ക് നം: 861157, 861158 നിക്ഷേപിക്കുന്നതിന്നായി കാനറബാങ്കിൽ 30/3/2021-ൽ നൽകിയെങ്കിലും നാളിതുവരെ ക്രെഡിറ്റ് ചെയ്തിട്ടില്ല. അക്കൗണ്ടിൽ മതിയായ ഫണ്ടില്ലാത്തതിനാൽ ചെക്ക് ബൗൺസായതായും, ചെക്ക് റീവാലിഡേറ്റ് ചെയ്തിട്ടുമില്ല. വിശദീകരണത്തിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് വരുമാനമായി ലഭിച്ച തുകയുടെ വരവ് കൃത്യമായി നിരീക്ഷിക്കുന്നതിലും,

പണമാക്കുന്നതിലും വീഴ്ച വരുത്തിയ സെക്രട്ടറിയിൽ നിന്ന് ടി തുക ഈടാക്കേണ്ടതും വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം : 9/17.08.21

നിരാകരിക്കുന്ന തുക : 16971/- രൂപ

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പാലളവിലധികമായി സബ്സിഡി നൽകി.

ഡയറി ഫാം ഇൻസ്ട്രക്ടർ 2020-21 സാമ്പത്തിക വർഷത്തിൽ നിർവഹണം നടത്തിയ ക്ഷീര സംഘങ്ങളിൽ അളക്കുന്ന പാലിന് സബ്സിഡി എന്ന പ്രോജക്ടിൽ (പ്രോ നം. 92/20-21) വികസനഫണ്ട് (ജനറൽ) ഇനടത്തിൽ 3,00,000/- രൂപ അടങ്കൽ വകയിരുത്തി നടപ്പിലാക്കിയ പദ്ധതിയ്ക്കായി 3,00,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ക്ഷീരകർഷകർ ക്ഷീര സഹകരണ സംഘങ്ങളിൽ നൽകുന്ന പാലിന്റെ അളവിനെ ആധാരമാക്കി സബ്സിഡി നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യമാക്കിയിരുന്നത്. എന്നാൽ പട്ടംഉരുത്ത് ക്ഷീര സഹകരണ സംഘത്തിൽ നൽകിയ പാലിന്റെ അളവിനേക്കാൾ അധികമായി സബ്സിഡി നൽകിയതായി സബ്സിഡിക്കായി കണക്കാക്കിയ പാലിന്റെ അളവ് സ്റ്റേറ്റ്മെന്റും പ്രസ്തുത സംഘത്തിൽനിന്ന് ഹാജരാക്കിയ പ്രതിമാസ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും | ജൂലൈ പാലളവ് | ആഗസ്റ്റ് | സെപ്റ്റംബർ | ആകെ | നൽകേണ്ട സബ്സിഡി | നൽകിയ സബ്സിഡി | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| കനകമ്മ എസ്.കെ.എസ് നിവാസ് പട്ടംഉരുത്ത് | 187.9 | 174.6 | 123.2 | 485.7 | 1942.8 (485.7x4) | 3413 | 1,471/- |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ അധികം നൽകിയ തുക ഗുണഭോക്താവിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കു വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പാലിന്റെ അളവിനേക്കാൾ അധികമായി നൽകിയ സബ്സിഡി ഓഡിറ്റിൽ നിരാകരിക്കുന്നു. ഒടുക്കു വരുത്തി നിരാകരണം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

എൻക്വയറി നമ്പർ - 4/10-08-21

നിരാകരിച്ച തുക – 1471/-രൂപ

### 3-2 കോൺഫറൻസ് ഹാൾ നിർമാണം ലക്ഷ്യം നേടിയില്ല,നിർവഹിക്കാത്ത അളവ് രേഖപ്പെടുത്തി തുക നൽകി.

പ്രോജക്റ്റ്നം. : 87/21

പ്രവൃത്തിയുടെ പേര് : പുതുതായി നിർമിച്ച ആയുർവേദ ആശുപത്രി കെട്ടിടത്തിന് മുകളിലായി കോൺഫറൻസ് ഹാൾ നിർമാണം

ഫണ്ടിനം : വികസനഫണ്ട് (സാധാരണ വിഹിതം)

അടങ്കൽ : 4,90,000/-

കരാർ നം. : AGMT/MTGP/36/17-18DTD.09.03.18

കരാറുകാരൻ : ഷാജി. ബി.

എം.ബുക്ക്നം. : 0718-19

ചെലവ് : 337414/-രൂപ

ബിൽ നം. : 29/24.03.21

പുതുതായി നിർമിച്ച ആയുർവേദ ആശുപത്രി കെട്ടിടത്തിന് മുകളിലായി കോൺഫറൻസ് ഹാൾ നിർമിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയെങ്കിലും പ്രസ്തുത പ്രവൃത്തിയിലെ 1 മുതൽ 5 വരെ ഇനങ്ങളായി ഉൾപ്പെടുത്തിയിരുന്നതും കോൺഫറൻസ് ഹാൾ എന്ന നിലയിൽ ഉപയോഗിക്കുന്നതിന് അനിവാര്യമായതും എസ്റ്റിമേറ്റിലും റിവൈസ്ഡ് എസ്റ്റിമേറ്റിലും ഉൾപ്പെടുത്തിയിരുന്നതുമായ ഭിത്തി, വാതിലുകൾ, ജനലുകൾ, വെന്റിലേറ്ററുകൾ എന്നി ഇനം പ്രവൃത്തികൾ നിർവഹിക്കാതെ മേൽക്കൂര, തറയിൽ ടൈൽപാകൽ എന്നീ പ്രവൃത്തികൾ മാത്രം പൂർത്തിയാക്കി അന്തിമ ബിൽ നൽകിയതിലൂടെ കോൺഫറൻസ് ഹാൾ നിർമാണം എന്ന ലക്ഷ്യം നേടാൻ കഴിഞ്ഞില്ല.

പ്രസ്തുത പ്രവൃത്തിയിൽ ഇനം 8 ആയി ഉൾപ്പെടുത്തിയിരിക്കുന്ന Steel Work In Built Up Tubular Trusses Etc Including Cutting Hoisting Fixing Position And Applying A Primary Coat Of Approved Steel Primer Including Welding എന്ന വിവരണത്തിലുള്ള Truss Work ന് 80x40x1.4mm Rectangular Tube ഉപയോഗിച്ചിരിക്കുന്നതിൽ ക്രമ നം. 5 ആയി 2x4x6.90 എന്ന അളവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പ്രസ്തുത പ്രവൃത്തി 2x2x6.90 എന്ന അളവിൽ മാത്രമാണ് നിർവഹിച്ചിട്ടുള്ളതെന്ന് അസി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ വ്യക്തമാവുന്നു.

അധികമായി കണക്കാക്കിയ അളവും നൽകിയ തുകയും ചുവടെ ചേർക്കുന്നു.

| പ്രവൃത്തി വിവരം | അളവുപുസ്തക പ്രകാരം അളവ് | നല്കിയ തുക | നൽകേണ്ട/ ബോധ്യപ്പെട്ട അളവ് | നല്കാവുന്ന തുക |
|---|---|---|---|---|
| Steel Work In Built Up Tubular Trusses Etc .... 80 X 40x1.4mm Rectangular Tube | 2x4x6.90= 55.2m@2.55kg/m =140.76kg | 140.76x 133.61= 18806.94 | 2x2 X6.90= 27.6m@2.55kg/m =70.38kg | 70.38x 133.61= 9403.47 |
| അധികമായി നൽകിയ തുക | | | | 9403.47/- |

മേൽ സൂചന അപാകതകളിന്മേൽവിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലോക ബാങ്ക് സഹായമായി ലഭിച്ച ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളിലെ ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് ആയുർവേദ ആശുപത്രി കെട്ടിടത്തിന് മുകളിലായി കോൺഫറൻസ് ഹാൾ നിർമിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കിയെങ്കിലും പദ്ധതി ഏറ്റെടുത്ത് ഒരു മാസത്തിനുള്ളിൽ ഫണ്ട് ലാപ്സായി എന്നും ഈ സമയത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കുവാൻ കഴിഞ്ഞില്ലായെന്നും ഫണ്ട് ലഭ്യതയെക്കുറിച്ചുള്ള അനിശ്ചിതത്വം തുടർന്നതിനാൽ 30.03.18 വരെ നടത്തിയ പ്രവൃത്തികൾ വച്ച് ബില്ല് തയ്യാറാക്കി പ്രവൃത്തി അവസാനിപ്പിച്ച് ഫണ്ട് ലഭ്യമാക്കാൻ സർക്കാരിലേയ്ക്ക് അപേക്ഷ നൽകുകയായിരുന്നുവെന്നും സ്ട്രക്ചറൽ സ്റ്റീലിന്റെ അളവ് രേഖപ്പെടുത്തിയതിൽ ഒരു എൻട്രിയിൽ പിഴവുണ്ടായിയെന്നും പ്രസ്തുത തുക കരാറുകാരനിൽനിന്നും ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

നിർവഹിക്കാത്ത അളവ് രേഖപ്പെടുത്തി അധികമായി നൽകിയ 9403/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

പൂർത്തികരിച്ച പ്രവൃത്തികളിലൂടെ കോൺഫറൻസ് ഹാൾ നിർമാണം എന്ന ലക്ഷ്യം നേടാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തിക്കായി വിനിയോഗിച്ചതിൽ ശേഷിക്കുന്ന 3,28,011/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. നിലവിലെ നിർമിതിയെ കോൺഫറൻസ് ഹാൾ എന്ന നിലയിൽ ഉപയോഗിക്കാവുന്ന വിധത്തിലാക്കി മാറ്റുന്നതിന് ആവശ്യമായ ഇനങ്ങൾ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. - 10/20-21

നിരാകരിച്ച തുക - 9403/-രൂപ.

തടസ്സപ്പെടുത്തിയ തുക - 3,28,011/- രൂപ

3-3 ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ പഞ്ചായത്ത് ഓഫീസിൽ അധിക സൗകര്യമൊരുക്കൽ - ബിൽ പ്രകാരമുള്ള ഫർണീച്ചറുകൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 123/21 ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ പഞ്ചായത്ത് ഓഫീസിൽ അധിക സൗകര്യമൊരുക്കൽ |
| അടങ്കൽ തുക | 4,33,000/- തനത്ഫണ്ട് |
| ചെലവഴിച്ച തുക | 3,85,630/- ചെക്ക് നം. 6782766/23-3-21 |

ഐ.എസ്.ഒ. സർട്ടിഫിക്കേഷനുവേണ്ടി അധിക സൗകര്യമൊരുക്കുന്നതിന് ഫർണിച്ചറുകളും മറ്റും വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും, സ്ഥാപനത്തിന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമായിട്ടില്ല. തനത് ഫണ്ടിൽ നിന്നും 3,85,630/- രൂപ ചെലവഴിച്ച് ARTCO മുഖേന നിർവ്വഹണം നടത്തിയ പദ്ധതിയ്ക്ക് ARTCO യുടെ ബിൽ പ്രകാരമുള്ള എല്ലാ ഇനങ്ങളും വിതരണം ചെയ്തിട്ടില്ലെന്നും, എ.ഇ. ചെക്ക് മെഷർ ചെയ്യാതെ തുക നല്കിയതായും ബോദ്ധ്യപ്പെട്ടു. വിശദവിവരം വിവരം ചുവടെ ചേർക്കുന്നു.

1. ARTCO യുടെ ഇൻവോയ്സ് നം. 98/30.11.20 പ്രകാരം ക്രമ നം. 3 ആയി 1.350 $M^2$ ഉള്ളതും ടാക്സ് ഉൾപ്പെടെ 28,336/- രൂപ വിലയുള്ളതുമായ എക്സിക്യൂട്ടീവ് ടേബിൾ കോൺഫറൻസ് ഹാളിൽ സ്ഥാപിച്ചതിന് തുക നൽകിയെങ്കിലും ടേബിൾ സപ്ലൈ ചെയ്തിട്ടില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. (മോഡൽ നം. 2 @ 17788/$m^2$ (Specification -Executive Table Model No. 2, By Using Good Quality 18mm MDF, 15 Mm MDF And 12 Mm MDF And Inside And Outside Good Quality Painted Finish With Drawer & Cupboard, With Sliding Key Board, File Manager, Steel Handle, Provision For CPU/UPS With Lock And Key). ടി ടേബിളിന്റെ സ്പെസിഫിക്കേഷനോട് കൂടിയതും 2.12 $M^2$ ഉള്ളതുമായ എക്സിക്യൂട്ടീവ് ടേബിൾ ഇൻവോയ്സ് നം. 79/05.11.2020 ക്രമ നം. 3 ആയി (വില 44,498/-രൂ, സെക്രട്ടറിയുടെ റൂം) സപ്ലൈ ചെയ്തത് പരിശോധിച്ച് അളവുബോധ്യപ്പെട്ടിട്ടുണ്ട്. കോൺഫറൻസ് ഹാളിൽ ടേബിൾ സ്ഥാപിച്ചതായി രേഖപ്പെടുത്തി 28,336/- രൂപ കൈപ്പറ്റിയെങ്കിലും, ടേബിൾ സ്ഥാപിച്ചിട്ടില്ലെന്ന് പരിശോധനയിൽ വ്യക്തമായതിനാൽ 28,336/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

2. കോൺഫറൻസ് ഹാളിന്റെ ഡോറിന് Using Powder Coated Aluminium Sections And Glass Door Providing Door Size - 90x200cm സ്പെസിഫിക്കേഷനിലുള്ള ഡോറിന്റെ റേറ്റ് ആയ $M^2$ ന് 5,551/- രൂപ നിരക്കിലാണ് 1.845 $M^2$ ന് ടാക്സ് ഉൾപ്പെടെ 12,085/- രൂപ നല്കിയിട്ടുള്ളത് (ഇൻവോയിസ് നം. 98/30.11.2020). എന്നാൽ സ്ഥാപിച്ചിട്ടുള്ളത് (Supplying And Fixing Powder Coated Aluminium Partition Using 100x44.5x1.3mm For Bottom And 44.5x44.5x1.3mm For Vertical And Horizontal And Verticals At 1 Mm Intervals, Glazing Clips, Rubber Beadings, Bottom 1/3 M Covered With 12 Mm Thick Novopan And Middle And Top Portion With 5 Mm Thick Plain Glass) $M^2$ ന് 2,198/- രൂപ നിരക്കിലുള്ള ഡോറാണ്. ഡോറിന്റെ റേറ്റ് ഇനത്തിൽ അധികം നല്കിയ 7,300/- (12,085-4,785) (1.845 $M^2$ @ 2198+18% ജി.എസ്.ടി)) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

3. കോൺഫറൻസ് ഹാളിന്റെ ഡയസ്സിന് Setting Up Of Anjiliwood Table For Dias, 180x90x75 എന്ന സ്പെസിഫിക്കേഷനിൽ $M^2$ ന് 7,981/- രൂപ നിരക്കിൽ 7.062 $M^2$ ന് ടാക്സ് ഉൾപ്പെടെ 66,507/- രൂപ നല്കിയിട്ടുണ്ട് (ഇൻവോയിസ് നം. 98/30.11.2020) എന്നാൽ Dias ന്റെ അളവ് 6.56 $M^2$ ആണെന്ന്

ബോധ്യപ്പെട്ടു. അധിക അളവ് രേഖപ്പെടുത്തി. 5 $M^2$ (7.06-6.56) 1 $M^2$ ന് 7,981/- രൂപ നിരക്കിൽ, 3,990/- രൂപ അധികം നൽകിയിട്ടുണ്ട്. ARTCO യുടെ പ്രൈസ് ലിസ്റ്റിൽ Setting Up Of Anjiliwood Table For Dias 180x90x75 എന്ന സ്പെസിഫിക്കേഷനിൽ $M^2$ ന് 7,981/- രൂപ നിരക്കും, Settting Up Of Anjili Wood Pedestal Providing Pedestal 15" Height (3x2.6x2.3)cm, Rate Per $M^2$- 2,957/- രൂപ എന്ന നിരക്കും ഉള്ളതിൽ, ഏതിനമാണ് കോൺഫറൻസ് ഹാളിൽ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുന്നതിന് ARTCO യുടെ അസി. എഞ്ചിനീയർക്ക് കഴിഞ്ഞില്ല. ആയതിനാൽ ഈയിനത്തിൽ ചെലവുചെയ്ത 66,507/- രൂപയിൽ അളവിലധികം രേഖപ്പെടുത്തി നൽകിയ 3,990/- രൂപ നിരാകരിക്കുന്നു.

ഐ.എസ്.ഒ. സർട്ടിഫിക്കേഷനുവേണ്ടി ചെലവുചെയ്ത 3,85,630/- രൂപയിൽ മേൽ അപാകതകളിൽ (28336+7300+3990) 39,626/- രൂപയുടെ ചെലവ് നിരാകരിക്കുകയും അവശേഷിക്കുന്ന 3,46,004/- രൂപയുടെ ചെലവ് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ പൂർത്തിയാക്കാത്തതിനാൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. തടസ്സപ്പെടുത്തിയ 3,46,004/- രൂപയിൽ 62,517/- രൂപ ഇനം 3 പ്രകാരമുള്ള ഏതിനം സ്പെസിഫിക്കേഷനിലെ Dias ആണെന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയും, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ പൂർത്തികരണ രേഖകൾ ലഭ്യമാക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്. സപ്ലൈ ചെയ്യാതെ തുക നൽകിയതിലേയും, സ്പെസിഫിക്കേഷനിലെ വ്യത്യാസത്തിലും, അളവിലെ കുറവിലുമുണ്ടായിട്ടുള്ള നഷ്ടം 39,626/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം – 7/12/8/21,

നിരാകരിക്കുന്ന തുക – 39626/- രൂപ

തടസ്സപ്പെടുത്തുന്ന തുക – 3,46,004/- രൂപ

3-4 പി.എച്ച്.സി, പി.എച്ച്.സി.സബ്സെന്റർ വാടക നല്കൽ - വാടക നിശ്ചയിച്ചതിലെ അപാകത

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കലോഫീസർ, പി.എച്ച്.സി |
| പ്രോജക്റ്റ് നം | 35/21 പി.എച്ച്.സി, പി.എച്ച്.സി. സബ്സെന്റർ വാടക നല്കൽ |
| അടങ്കൽ തുക | 1,36,600/- മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് |
| ചെലവഴിച്ച തുക | 1,30,568/- രൂപ<br>(ബിൽ നം. 6/21-8-20, തുക – 44,680/-<br>ബിൽ നം. 11/21-10-20, തുക – 17,872/-<br>ബിൽ നം. 14/12-11-20, തുക – 17,336/-<br>ബിൽ നം. 16/18-2-21, തുക – 30,408/-<br>ബിൽ നം. 24/13-3-21, തുക – 10,136/-<br>ബിൽ നം. 27/19-3-21, തുക – 10,136/- |

2018 ലെ പ്രളയത്തിൽ തകർന്നതിനെ തുടർന്ന് ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സി, പി.എച്ച്.സി. സബ്സെന്റർ എന്നിവ വാടക കെട്ടിടങ്ങളിലേക്ക് മാറിയിരുന്നു. പി.എച്ച്.സിക്ക് വാടകയായി 8,936/- രൂപയും പി.എച്ച്.സി.സബ്സെന്ററിന് വാടകയായി 1,200/- രൂപയുമാണ് മേൽ പദ്ധതി വഴി നല്കിവരുന്നത്. ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് അസി. എക്സി. എഞ്ചിനീയർ ആണ് കെട്ടിടങ്ങൾക്ക് വാടക നിശ്ചയിച്ച് നല്കിയിരിക്കുന്നത്. വിവിധ വകുപ്പുകളിലെ ഓഫീസുകൾക്കായി സ്വകാര്യ കെട്ടിടങ്ങൾ വാടകയ്ക്കെടുക്കുമ്പോൾ വാടക നിശ്ചയിച്ച് നല്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് (ജി.ഒ(ആർ.റ്റി.)നം 269/16 പി.ഡബ്ല്യു.ഡി തീ5-2-16) പ്രകാരം കെട്ടിടത്തിനും കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിക്കും (ഗ്രൗണ്ട് ഫ്ലോറിന്റെ പ്ലിന്ത് ഏരിയാക്ക് ആനുപാതികമായ ഭൂമി 3.255 ആർ) ആണ് ഉത്തരവിലെ മറ്റ് നടപടിക്രമങ്ങൾ പാലിച്ച് വാടക നിശ്ചയിക്കാവുന്നത്.

എന്നാൽ പി.എച്ച്.സിക്കായി വാടകയ്ക്കെടുത്ത കെട്ടിടം (130.20m$^2$) സ്ഥിതിചെയ്യുന്ന ഭൂമിയുടെ അളവ് പൂർണ്ണമായും (27.3 ആർ) ഉൾപ്പെടുത്തി 8,936/- രൂപ വാടക നിശ്ചയിച്ചിരിക്കുകയാണ്. (കെട്ടിടത്തിന്റെ വാടക 5250.58 + ഭൂമിയുടെ വാടക 3685.5/- ,) സർക്കാർ ഉത്തരവനുസരിച്ച് നിശ്ചയിക്കേണ്ടിയിരുന്ന വാടക 5250.58+439.43 (3.255 ആറിന്റെ വാടക) – 5,690/- രൂപയാണ്.

റെന്റ് കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റിൽ ഭൂമിയുടെ അളവ് പൂർണ്ണമായി ഉൾപ്പെടുത്തി വാടക നിശ്ചയിച്ചതിലെ അപാകത കണ്ടെത്തുകയും കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയുടെ അളവ് മാത്രം ഉൾപ്പെടുത്തി സ്റ്റേറ്റ്മെന്റില് തിരുത്തൽ വരുത്തി പ്രതിമാസ വാടക 5,690/- രൂപയായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (റെന്റ് കാൽക്കുലേഷൻ സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് നോട്ട് ഫയലിനോടൊപ്പം) ജൂൺ 2019 മുതൽ വാടകയായി പ്രതിമാസം 8,936/- രൂപ നിരക്കിലാണ് നല്കി വരുന്നത്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അനുവദനീയമായതിലും അധികമായി വാടക നല്കിയതുമൂലം മാർച്ച് 2020 മുതൽ മാർച്ച് 2021 വരെ 13 മാസങ്ങളിലെ വാടകയിനത്തിൽ അധികം ചെലവഴിക്കേണ്ടി വന്ന 42,198/- (3246x13) രൂപ നിരാകരിക്കുന്നു. അധികമായി നല്കിയ തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 7എ/16-8-21

നിരാകരിച്ച തുക – 42,198/- രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 13-08-21 & 16-8-21 | കെ.എസ്.എ.കെ.എൽ.എം.പി.4/1160/21<br>തീയതി- 17.02.2022 |

### 4-2 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 47,750 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 36,675 | 11,075 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 8,00,000 | പട്ടംതുരുത്ത് ജയന്തി കോളനി കലുങ്ക് റോഡ് കോൺക്രീറ്റിംഗ് | 8,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 3,60,000 | ലൈഫ്മിഷൻ-സമ്പൂർണ്ണ ഭവന പദ്ധതി | 3,60,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2,50,000 | മതിരംപള്ളിയിൽ പുളിയിൽ റോഡ് കോൺക്രീറ്റിംഗ് | 2,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,00,000 | വീട്ടുവളപ്പിലെ കിഴങ്ങ് വർഗ്ഗ കൃഷി | 1,00,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,50,000 | കൊന്നയിൽ കലുങ്ക് അശ്വതി ഭവനം റോഡ് കോൺക്രീറ്റിംഗ് | 1,50,000 | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 80,000 | ഫലവൃക്ഷകൃഷി വികസനം | 77,481 | 2,519 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,50,000 | ആഞ്ഞിലിമൂട് വള്ളകടവ് റോഡ് കോൺക്രീറ്റിംഗ് | 1,33,129 | 16,871 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 68,000 | സുഭിക്ഷകേരളം പദ്ധതി -തരിശ് കൃഷി | 68,000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 62,000 | കോഴി വളർത്തൽ | 49,600 | 12,400 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2,00,000 | അങ്കണവാടി പോഷകാഹാര പദ്ധതി | 1,35,681 | 64,319 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 4,90,000 | ചാലപ്പുറം പമ്പ് ഹൗസ് നിർമ്മാണവും പൈപ്പ് ലൈൻ സ്ഥാപിക്കലും | 4,90,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 5,00,000 | അങ്കണവാടി പോഷകാഹാര പദ്ധതി | 97,455 | 4,02,545 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 3,00,000 | അങ്കണവാടി പോഷകാഹാര പദ്ധതി | 34,265 | 2,65,735 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 32,000 | സുഭിക്ഷകേരളം പദ്ധതി -തരിശ് കൃഷി | 32,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 47,750 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 36,675 | 11,075 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 3,00,000 | ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന് സബ്സിഡി | 3,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 7,00,000 | ലൈഫ്മിഷൻ-സമ്പൂർണ്ണ ഭവന പദ്ധതി | 2,00,000 | 5,00,000 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 15,00,000 | ലൈഫ്മിഷൻ-സമ്പൂർണ്ണ ഭവന പദ്ധതി | 4,00,000 | 11,00,000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ബിൽ നം 40/25-3-21 തുക 540000/-<br>ബിൽ നം 41/29-3-21 തുക 490000/- | 540000/-<br>490000/- | 0 | 540000/-<br>490000/- |
| കേരളാ വാട്ടർ | പൈപ്പ് ലൈൻ | ബിൽ നം | 271806 | 0 | 271806/- |

| | | | | | |
|---|---|---|---|---|---|
| അതോറിറ്റി | എക്സ്റ്റൻഷൻ | 19/19-8-20 തുക 250000/- ബിൽ നം 27/23-10-20 തുക 21806/- | | | |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പോസ്റ്റ് ഷിഫ്റ്റിങ്ങ് | ചെക്ക് നം 6080418/ 23-10-20 | 47914 | 0 | 47914/- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | കുടി വെള്ളപദ്ധതി | ബിൽ നം 15/6-7-20 തുക 417536/-, ബിൽ നം 38/25-3-21 തുക 75000/-, ബിൽ നം 39/25-3-21 തുക 195464/- | 688000 | 0 | 688000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തൻവർഷം വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനനിർമ്മാണം | 951/2010 ത.സ്വ.ഭ.വ 19-3-2010 | 69,90,000/- | 4,15,699/- | 4,15,699/- | 0 | |
| ലൈഫ് പദ്ധതി | 951/2010/ ത.സ്വ.ഭ.വ 19.3.2016 | 75,70,777/- | 69,23,718/- | 5,84,941/- | 0 | 63,38,777/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23-ാം പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം/ ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99, 31 | 2003-04, 3-2(4-1) | മത്സ്യതൊഴിലാളി ഭവനപദ്ധതി – അനർഹർക്ക് ആനുകൂല്യം അനുവദിച്ചത് | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ് |
| 1998-99, 38 | 2003-04, 3-2(4-2) | സബ്സിഡി – സർക്കാർ ഉത്തരവ് പാലിക്കാത്തത് | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,03,14,675/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,13,32,580/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 16,971/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 92,698/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 39,03,958/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1,471/- | ശ്രീമതി ഷീബാ ഫ്രാൻസിസ്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 3-2 | | 9,403/- | ശ്രീമതി. ആർച്ചഗോപൻ, അസി. എഞ്ചിനീയർ |
| 3-3 | | 39,626/- | ശ്രീ. ജോസഫ്, സെക്രട്ടറി |
| 3-4 | | 42,198/- | ഡോ. മനോജ്. ബി. തോമസ് - മെഡിക്കലോഫീസർ, പി.എച്ച്.സി-32460/-<br>ഡോ. അശ്വിൻ, മെഡിക്കലോഫീസർ, പി.എച്ച്.സി-3246/-<br>ഡോ. അനീഷ് പരമേശ്വരൻ, മെഡിക്കലോഫീസർ, പി.എച്ച്.സി-6492/- |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 27,722/- | മിഥുൽ, വി.ഇ.ഒ |
| 1-17 | 3,46,004/- | ശ്രീ. ജോസഫ്, സെക്രട്ടറി |
| 1-18 | 4,45,107/- | ശ്രീ. ജോസഫ്, സെക്രട്ടറി |
| 1-19 | 6,88,000/- | ശ്രീ. ജോസഫ്, സെക്രട്ടറി |
| 1-20 | 10,30,000/- | ശ്രീ. ജോസഫ്, സെക്രട്ടറി |
| 1-21 | 5,64,114/- | ശ്രീ. ജോസഫ്, സെക്രട്ടറി |
| 1-24 | 2,50,000/- | ഡോ. സോജ - വെറ്റിനറി സർജൻ |
| 1-16 | 2,25,000/- | ഡോ. സോജ - വെറ്റിനറി സർജൻ |
| 1-13 | 3,28,011/- | ശ്രീമതി. ആർച്ചഗോപൻ, അസി. എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

1.7.1 – 54,000/- രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1.7.1

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഷീബ ഫ്രാൻസിസ് ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത് | എസ്. എസ്. വില്ല, ചെമ്മക്കാട്. പി. ഒ., കൊല്ലം |
| ഡോ. സോജ - വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത് | ഷാരോൺ, ഇളമ്പള്ളൂർ. പി. ഒ, കൊല്ലം |
| ശ്രീ. ജോസഫ്, സെക്രട്ടറി | സെക്രട്ടറി, മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത് | കല്പകം, അലിൻഡിനു സമീപം, കുണ്ടറ. |
| ശ്രീ. മിഥുൽ, വി.ഇ.ഒ | വി.ഇ.ഒ, മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത് | പടീറ്റവിള, ചെറുമൂട്, വെള്ളിമൺ |
| ഡോ. മനോജ്. ബി. തോമസ്, മെഡിക്കലോഫീസർ, പി.എച്ച്.സി | എഫ്. എച്ച്. സി, പിറവന്തൂർ | എരുക്കഴിയിൽ, കരവാളൂർ |
| ഡോ. അശ്വിൻ, മെഡിക്കലോഫീസർ, പി.എച്ച്.സി | മെഡിക്കലോഫീസർ, പി.എച്ച്.സി, പേരയം | ചെറൂർവീട്, ചാത്തന്നൂർ |
| ഡോ. അനീഷ് പരമേശ്വരൻ, മെഡിക്കലോഫീസർ, പി.എച്ച്.സി | മെഡിക്കലോഫീസർ, പി.എച്ച്.സി, മൺട്രോത്തുരുത്ത് | അഞ്ജലിഭവൻ, കരിക്കോട് |
| ശ്രീമതി. ആർച്ചഗോപൻ, | അസി. എഞ്ചിനീയർ | കൃഷ്ണവില്ലാഡാർലിങ്ങ്, |

| | | |
|---|---|---|
| അസി. എഞ്ചിനീയർ | മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത് | കാവനാട്, കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം..പി4-437 (11)/18/28.2.18 | 31 |
| 1999-00 | കെ.എസ്.എ.കെ.എൽ.എം..പി4-437 (12)/18/28.2.18 | 33 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം..പി4-437 (13)/18/28.2.18 | 17 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം..പി4-437 (14)/18/28.2.18 | 10 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം..പി4-437 (15)/18/28.2.18 | 13 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം..പി4-437 (16)/18/28.2.18 | 11 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം..പി4-437 (17)/18/28.2.18 | 22 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം..പി4-437 (18)/18/28.2.18 | 18 |
| 2006-07 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 20 |
| 2007-08 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 12 |
| 2008-09 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 14 |
| 2009-10 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 12 |
| 2010-11 | എൽ.എഫ്.ക്യൂ.പി6-1358/14/17.06.14 | 4 |
| 2011-12 | എൽ.എഫ്.ക്യൂ.പി6-1785/14/27.10.14 | 29 |
| 2012-13 | കെ.എസ്സ്.എ-കെ.എൽ.എം.പി.4-419(1)/ 19, 05.06.2020 | 21 |
| 2013-14, 2014-15 | എൽ.എഫ്.ക്യൂ.പി4-1870/17/13.04.2018 | 8 |
| 2015-16 | കെ.എസ്സ്.എ-കെ.എൽ.എം.പി.4-1828/ 16/13-12-2017 | 10 |
| 2016-17 | കെ.എസ്സ്.എ-കെ.എൽ.എം.പി.4-1404/17/31.01.2018 | 14 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി4/402/2019, 22.4.2019 | 11 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി4/458/2020, 23.6.2020 | 37 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ)

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്